പ്രീമിയർ
ഡബ്ൾഡക്കർ

മാതൃഭൂമി

THE NATIONAL DAILY IN MALAYALAM, PUBLISHED FROM CALICUT, COCHIN AND TRIVANDRUM

പുസ്തകം 62 ലക്കം 229 Calicut, Friday, November 9, 1984—കോഴിക്കോട് 1984 നവംബർ 9 വെള്ളി പേജ് 8 വില 70 പൈസ

the pride of
sweet seventeen
MYBRA
BOMBAY GARMENTS, CANNANORE-670004.
Branches: BANGALORE ■ COIMBATORE

ഇന്ദിരാവധം: ഉന്നതതല അന്വേഷണം തുടങ്ങുന്നു

പ്രത്യേക ലേഖകൻ

ന്യൂദൽഹി: ഇന്ദിരാഗാന്ധിയുടെ വധത്തെപ്പററി സീനിയർ ഐ. പി. എസ്. ഉദ്യോഗസ്ഥനായ എസ്. ആനന്ദറാമിൻെറ നേതൃത്വത്തിലുള്ള പ്രത്യേക ഉന്നതതല സംഘം ഉടനെ അന്വേഷണം ആരംഭിക്കും.

ഇൻറലിജൻസ് ബ്യൂറോ, സി.ബി.ഐ, ദൽഹി പൊലീസിലെ സ്പെഷ്യൽ ബ്രാഞ്ച്, ക്രൈം ബ്രാഞ്ച് എന്നിവയിലെ സീനിയർ ഉദ്യോഗസ്ഥൻമാരും അന്വേഷണ വിദഗ്ധരും ചോദ്യം ചെയ്യൽ സ്പെഷലിസ്റ്റുകളും ആനന്ദറാമിനെ സഹായിക്കുന്നതാണ്.

അതിൻെറ സംഘത്തിൽ ഉൾപ്പെടേണ്ടവരെ തെരഞ്ഞെടുക്കാൻ അദ്ദേഹത്തിന് പൂർണ്ണ സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്നാണറിയുന്നത്.

കേന്ദ്ര വ്യവസായ സംരക്ഷണസേനയിലെ (സി.എസ്.ഐ.എഫ്.) ഡയറക്ടർ ജനറലായിരുന്ന ആനന്ദറാം ഇതുവരെ. അദ്ദേഹം ആ സ്ഥാനം ഒഴിഞ്ഞു കഴിഞ്ഞു. മുൻകൂട്ടി ആസൂത്രണം ചെയ്ത വമ്പിച്ചൊരു ഗൂഢാലോചനയുടെ ഫലമായിട്ടാണ് ഇന്ദിരാവധം എന്ന് സംശയിക്കപ്പെടുന്നു.

ഇതിനിടെ ഇന്ദിരാഗാന്ധി വധിക്കപ്പെടാൻ ഇടയായ സാഹചര്യങ്ങളെക്കുറിച്ച് സുപ്രീം കോടതിയിലെ ഒരു സിററിംഗ് ജഡ്ജിയുടെ നേതൃത്വത്തിലുള്ള കമ്മീഷനെക്കൊണ്ട് അന്വേഷണം നടത്തിക്കാനുള്ള തീരുമാനം കേന്ദ്രഗവർമ്മെണ്ട് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് വൈ. വി. ചന്ദ്രചൂഡിനെ അറിയിച്ചിട്ടുണ്ട്.

പ്രധാനമന്ത്രിയുടെ സെക്യൂരിററി ഉപദേഷ്ടാവായ രാംനാഥ് കാവോവിൻെറ രാജി ഗവർമ്മെണ്ട് സ്വീകരിച്ചു കഴിഞ്ഞു. ഒന്ന് രണ്ട് ദിവസങ്ങൾക്കകം താൻ ചുമതല ഒഴിയുമെന്ന് കാവോ അറിയിച്ചു. ഇന്ദിരയുടെ വധത്തെ തുടർന്ന് ഇൻറലിജൻസ് സംവിധാനത്തിൽ സമഗ്രമായ അഴിച്ചുപണി നടക്കുന്ന സാഹചര്യത്തിലാണ് കാവോവിൻെറ രാജി.

ഇൻറലിജൻസ് ബ്യൂറോ ഡയറക്ടറായിരുന്ന ആർ.കെ. കപൂറിനെയും ഡെപ്യൂട്ടി ഡയറക്ടറായിരുന്ന രത്തൻ സഹ്ഗാളിനേയും ബുധനാഴ്ച തൽസ്ഥാനങ്ങളിൽനിന്ന് നീക്കി അവരവരുടെ സംസ്ഥാന കേഡറുകളിലേക്ക് തിരിച്ചയച്ചിരുന്നു. പ്രധാനമന്ത്രിയുടെ സുരക്ഷിതത്വത്തിൻെറ മൊത്തത്തിലുള്ള ചാർജ്ജ് വഹിച്ചിരുന്ന അഡീഷണൽ പൊലീസ് കമ്മീഷണർ എച്ച്.സി. പിള്ളയെ സസ്പെണ്ട് ചെയ്യുകയുമുണ്ടായി.

പെരേരയുടെ നിയമനം റദ്ദാക്കി

ന്യൂദൽഹി: പ്രധാനമന്ത്രിയുടെ സംരക്ഷണത്തിനുള്ള സ്പെഷ്യൽ സെക്യൂരിററി ഡിസ്ട്രിക്റ്റിൻെറ ഡെപ്യൂട്ടി പൊലീസ് കമ്മീഷണറായി മാക്സ്വൽ പെരേരയെ നിയമിച്ച നടപടി റദ്ദ് ചെയ്തതായി പൊലീസ് ആസ്ഥാനത്തുനിന്നു അറിയിച്ചു. ഡെപ്യൂട്ടി കമ്മീഷണർ ജി.ആർ. ഗുപ്തയെ സസ്പെണ്ട് ചെയ്ത ഒഴിവിൽ ബുധനാഴ്ചയാണ് പെരേരയെ നിയമിച്ചത്. പെരേര വടക്കൻ ജില്ലയുടെ ഡെപ്യൂട്ടി കമ്മീഷണറായി തുടരും.

ഇൻറലിജൻസ് ബ്യൂറോ ഡെ. ഡയറക്ടറായി സ്ഥലം മാററിയ അഡീഷണൽ കമ്മീഷണർ ഗൗതം കൗളിൻെറ പിൻഗാമിയെ സംബന്ധിച്ചും ഇതുവരെ തീരുമാനമെടുത്തിട്ടില്ലെന്ന് പൊലീസ് വൃത്തങ്ങൾ പറഞ്ഞു.

അഞ്ചംഗ കമ്മീഷൻ വേണം

ന്യൂദൽഹി: ഇന്ദിരാഗാന്ധിയുടെ വധത്തെക്കുറിച്ച് അന്വേഷിക്കാൻ ഒരു അഞ്ചംഗ കമ്മീഷനെ നിയോഗിക്കണമെന്നു കോൺഗ്രസ്സ് (ഐ)യിൽനിന്നു പുറന്തള്ളപ്പെട്ട രാജ്യസഭാംഗം എഫ്. എം. ഖാൻ, പ്രധാനമന്ത്രി രാജീവ് ഗാന്ധിയോട് അഭ്യർത്ഥിച്ചു.

ഏകാംഗ കമ്മീഷനു പകരമാണ് പ്രമുഖ വ്യക്തികളടങ്ങിയ അഞ്ചംഗ കമ്മീഷൻ വേണമെന്ന് എഫ്. എം. ഖാൻ നിർദ്ദേശിച്ചിരിക്കുന്നത്. രാജീവ് ഗാന്ധിക്ക് സർവ്വപിന്തുണയും അദ്ദേഹം പ്രഖ്യാപിച്ചു.

കമ്മീഷൻെറ അന്വേഷണവിധേയമാകുന്ന വിഷയത്തിൽ എന്തെല്ലാമായിരിക്കുമെന്ന എത്രയും വേഗം പ്രഖ്യാപിക്കാത്തപക്ഷം അനിശ്ചിതകാല നിരാഹാരസത്യാഗ്രഹത്തിനു താൻ നിർബ്ബന്ധിതനാകുമെന്ന് അദ്ദേഹം മുന്നറിയിപ്പു നൽകി.

പ്രേംകുമാർ ആഭ്യന്തര സെക്രട്ടറി

ന്യൂദൽഹി: പ്രേംകുമാറിനെ ആഭ്യന്തര വകുപ്പ് സെക്രട്ടറിയായി നിയമിച്ചു. ഈ സ്ഥാനം വഹിച്ചിരുന്ന എം.എം.കെ. വാലിയെ ദൽഹി ലഫ്. ഗവർണ്ണറാക്കിയതിനെ തുടർന്നാണീ നിയമനം.

ഉത്തർപ്രദേശ് കേഡറിൽപ്പെട്ട പ്രേംകുമാർ ഇതുവരെ ആഭ്യന്തര മന്ത്രാലയത്തിൽ സ്പെഷ്യൽ സിക്രട്ടറിയായിരുന്നു.

പുനർജന്മം വാസ്തവംതന്നെ!

ബംഗളൂർ: പുനർജന്മ കഥകൾ വിശ്വസിക്കാമോ? വിശ്വസിക്കാൻ തക്ക ശക്തമായ തെളിവുകളുണ്ടെന്നാണ് ഇവിടത്തെ ഒരു ഡോക്ടറുടെ അഭിപ്രായം.

പുനർജന്മം നേടിയവരെന്ന് അവകാശപ്പെടുന്ന മുന്നൂറിലധികം പേരെ പററി ഗവേഷണം നടത്തിയപ്പോൾ, അതിൽ എൺപതു ശതമാനവും കഴിഞ്ഞ ജന്മത്തെ പററി പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് തെളിഞ്ഞതായി ഡോ. (ശ്രീമതി) സത്വന്ത് പഷ്രീച്ച പറഞ്ഞു.

87 ശതമാനം പേരും കഴിഞ്ഞ ജന്മത്തിലെ അവരുടെ പേരുകൾ പറയുകയുണ്ടായത്രെ. 66 ശതമാനം പേർക്ക് അവർ ഏങ്ങിനെയാണ് മരിച്ചതെന്നും ഓർമ്മയുണ്ട്.

40 ശതമാനം പേരുടെ മരണം അപകടങ്ങൾ നിമിത്തവും 52 ശ. മാ. പേരുടേത് സ്വാഭാവികമരണങ്ങളുമായിരുന്നു.

ശരീര ഘടന, മറുക്, അംഗവൈകല്യം, പ്രത്യേക കഴിവുകൾ, വ്യക്തിത്വം എന്നിവയൊക്കെ അതേ പോലെ വീണ്ടും ലഭിച്ചവരുമുണ്ടെന്ന് ഡോ. പഷ്രീച്ച പറഞ്ഞു. ഇതൊക്കെ പുനർജ്ജന്മം വാസ്തവമായിരിക്കാമെന്നതിന്ന് ശക്തമായ തെളിവുകളാണെന്ന് അവർ അഭിപ്രായപ്പെട്ടു.

തെരഞ്ഞെടുപ്പ് ഡിസംബറൊടുവിൽ

ന്യൂദൽഹി: ലോക്സഭാതെരഞ്ഞെടുപ്പ് ഡിസംബർ അവസാനം നടത്താൻ ഗവ. തീരുമാനിച്ചതായി അറിയുന്നു. ഇന്ദിരാഗാന്ധിയുടെ മരണത്തിലുള്ള ദേശീയദുഃഖാചരണക്കാലം കഴിഞ്ഞയുടൻ ഇക്കാര്യത്തിൽ കേന്ദ്രമന്ത്രിസഭ തീരുമാനം എടുക്കുമെന്നാണ് അറിയുന്നത്.

ലോക്സഭ പിരിച്ചുവിട്ട് പുതിയ തെരഞ്ഞെടുപ്പ് നടത്തണമെന്ന് കേന്ദ്ര മന്ത്രിസഭ മിക്കവാറും നവം. 15 ആവുമ്പോഴേക്കും രാഷ്ട്രപതിയോട് ശുപാർശചെയ്യും. തിരഞ്ഞെടുപ്പു സംബന്ധിച്ച മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറുടെ വിജ്ഞാപനം നവം. 20ാംനു-യോടെപ്രഖ്യാപിക്കും. വോട്ടെടുപ്പിന് ഒന്നിലേറെ ദിവസങ്ങളും ഉണ്ടാവുകയാണെങ്കിൽ അത് 1985 ജനവരി ആദ്യദിവസങ്ങളിലേക്ക നീണ്ടു പോയേക്കാം. കോൺ.ഐ—വൃത്തങ്ങളിൽ നിന്നറിവായതാണ് ഈ കാര്യം. ലോകസഭാതിരഞ്ഞെടുപ്പ് കൃത്യസമയത്ത്തന്നെ ഉണ്ടാവുമെന്ന് എ.ഐ.സി.സി. ജന. സിക്ര. രാജേന്ദ്രകുമാരി ബാജ്പെയി കഴിഞ്ഞാഴ്ച ആവർത്തിച്ച് പ്രസ്താവിച്ചിരുന്നു എന്നതിവിടെ സ്മരണീയമാണ്.

ഈ സാഹചര്യത്തിൽ മിക്കവാറും നിലവിലുള്ള പാർലമെണ്ടിൻെറ ശീതകാലസമ്മേളനം ഉണ്ടാവാൻ ഇടയില്ലെന്നാണറിയുന്നത്. ഇനി അഥവാ മുൻകൂട്ടിക്കാണാൻ പററാത്ത വല്ലകാരണവശാലും, തെരഞ്ഞെടുപ്പ് വൈകുകയും ഫിബ്രു. 27 ാംനു-ക്കു മുൻപ്, പുതിയ ലോകസഭചേരാൻ കഴിയാതെ വരികയും ചെയ്യുകയാണെങ്കിൽ 'വോട്ട്ഓൺ എക്കൗണ്ട്'' പാസാക്കാൻ സഭ കുറച്ച് കാലത്തേക്ക ചേരാൻ ഇടയുണ്ട്.

നിലവിലുള്ള ലോകസഭയുടെ കാലാവധി അടുത്ത ജന. 20ാംനു- തീരും.

നീട്ടണമെന്ന് കോൺ. -എസ് നേതാവ്

പൂനെ: ഇന്ദിരാഗാന്ധിയുടെ വധത്തെയും തുടർന്ന് നാട്ടിൽ നടമാടുന്ന കൊലപാതകങ്ങളുടേയും പശ്ചാത്തലത്തിൽ ജനങ്ങൾക്ക് അരക്ഷിതത്വവും സംശയങ്ങളും നിലനിൽക്കുന്നതിനാൽ പൊതു തെരഞ്ഞെടുപ്പ് ഏതാനും മാസത്തേക്ക് നീട്ടിവെക്കണമെന്ന് കോൺഗ്രസ്സ്—എസ്. പാർലമെൻററി സിക്രട്ടറി സുരേഷ് കൽമാഡി ആവശ്യപ്പെട്ടു.

തെരഞ്ഞെടുപ്പിന്ന് മുമ്പ് പഞ്ചാബ്, ജമ്മു—കാശ്മീർ, ആസ്സാം എന്നിവിടങ്ങളിലെ നീറുന്ന പ്രശ്നങ്ങൾ പരിഹരിക്കണമെന്നും അതിന്ന് എല്ലാ രാഷ്ട്രീയ കക്ഷികളും നിസ്സാരമായ രാഷ്ട്രീയ പരിഗണനക്ക് അതീതമായി വർത്തിക്കണമെന്നും ഒരു പ്രസ്താവനയിൽ അദ്ദേഹം ആവശ്യപ്പെട്ടു.

പഴയ കോൺഗ്രസ്സുകാരെല്ലാം മാതൃസംഘടനയിലേക്ക് തിരിച്ചു വരണമെന്ന് മഹാരാഷ്ട്രാ മുഖ്യമന്ത്രി വസന്തദാദാ പാട്ടീൽ ചെയ്ത അഭ്യർത്ഥനയെപ്പററി ചോദിച്ചപ്പോൾ കൂട്ടനേതൃത്വമെന്ന ആശയത്തെ അംഗീകരിക്കാതിരുന്നതോടെയാണ് കോൺഗ്രസ്സിൽ പിളർപ്പ് ഉണ്ടായതെന്നും ആ സമ്പ്രദായത്തിൽ ഇപ്പോഴും മാററമൊന്നും തങ്ങൾ കാണുന്നില്ലെന്നുമായിരുന്നു കൽമാഡിയുടെ മറുപടി.

കാലാവസ്ഥ

കേരളത്തിലും ലക്ഷദ്വീപിലും ഒററപ്പെട്ട മഴയുണ്ടാകും. തുടർന്നുള്ള രണ്ടു ദിവസങ്ങളിൽ കാലാവസ്ഥയിൽ ഗണ്യമായ മാററം പ്രതീക്ഷിക്കുന്നില്ല.

'മാതൃഭൂമി'യുടെ അന്ത്യോപചാരം: പത്രാധിപർ എം. ഡി. നാലപ്പാട് തിരുവനന്തപുരത്ത് കനകക്കുന്നു കൊട്ടാരത്തിലെത്തി ഇന്ദിരാജിയുടെ ചിതാഭസ്മ കലശത്തിൽ ഹാരമണിയിക്കുന്നു.

സിമൻറ് തട്ടിപ്പ്: ഇഗ്നേഷ്യസിന് ജാമ്യമില്ല

സ്വന്തം ലേഖകൻ

കൊച്ചി: സിമൻറ് തട്ടിപ്പ് കേസ്സിലെ പ്രതിയായ സെൻറ് ആൻറണീസ് ഗിൽഡ് ഡയറക്ടർ ഫാ. ഇഗ്നേഷ്യസ്സിന്ന് ഹൈക്കോടതി ജാമ്യം നിഷേധിച്ചു.

കററകരമായ സാഹസ കൃത്യങ്ങൾക്ക് പിന്നിലുള്ള തലച്ചോർ പ്രതിയുടേതാണെന്ന പ്രോസിക്യൂഷൻെറ വാദത്തോട് യോജിച്ചു കൊണ്ടാണ് ജസ്റ്റിസ് വി. ഭാസ്കരൻ നമ്പ്യാർ ജാമ്യഹരജി തള്ളിയത്.

അന്തർസംസ്ഥാന വ്യാപ്തിയുള്ള ഈ കേസ്സിൽ പ്രതിയിൽനിന്നു മാത്രമേ കേസ് അന്വേഷിയ്ക്കുന്ന പൊലീസിന്ന് വിലപ്പെട്ട വിവരങ്ങൾ ലഭിക്കൂ. പ്രതിക്ക് ജാമ്യം നൽകിയാൽ തെളിവുകൾ നശിപ്പിക്കപ്പെടും എന്ന് പ്രൊസിക്യൂഷൻ ഡയരക്ടർ ചേററൂർ ശങ്കരൻ നായരുടെ വാദത്തോട് ഹൈക്കോടതി യോജിച്ചു.

ആദ്യഘട്ടത്തിൽ തന്നെ പ്രതി പൊലീസ് കസ്റ്റഡിയിൽ നിന്ന് രക്ഷപ്പെടുകയാണുണ്ടായത്. കാരണം മദിരാശി ഹൈക്കോടതിയിൽ നിന്നുള്ള മുൻകൂർ ജാമ്യ ഉത്തരവ് സമ്പാദിച്ചിരുന്നു. ഇപ്പോൾ കേസ്സിലെ മററു പ്രതികൾ ജാമ്യത്തിൽ പുറത്തിറങ്ങുന്നതുവരെ പ്രതി കാത്തിരിയ്ക്കുകയാണ് ചെയ്യുന്നതെന്ന് ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ പറഞ്ഞു.

തട്ടിപ്പ്നടത്തി 25,000 ടൺ വിദേശ സിമൻറ് പ്രതി ഇറക്കുമതി ചെയ്തുവെന്നതാണ് കേസ്. കേസിലെ മററ 13 പ്രതികളും മലപ്പുറം ഏജൻസീസിൻെറ പാർട്ട്ണർമാരായവർക്ക് കോടതി നേരത്തെ ജാമ്യം നൽകിയിരുന്നതാണ്.

ഭാഗ്യക്കുറി നറുക്കെടുപ്പ് നീട്ടിവെച്ചു

തിരുവനന്തപുരം: നവംബർ 9—നു നടക്കാനിരുന്ന ലോട്ടറി നറുക്കെടുപ്പ് നവം. 14—ാംനു-ക്ക് മാററിയതായി ലോട്ടറി ഡയറക്ടർ അറിയിച്ചു. പത്തനംതിട്ടയിലെ മാരാമൺ മാർത്തോമാ പാരിഷ് ഹാളിൽ വെച്ചാണ് നറുക്കെടുപ്പ് നടത്തുക.

അപകടം ഒരു തുടർക്കഥ

സ്റ്റാഫ് പ്രതിനിധി

മൂന്നാർ: വല്ലപ്പോഴും ഉണ്ടാകുന്ന അത്യാഹിതം. എന്നാൽ അതു ഉണ്ടാകുമ്പോഴോ നാടാകെ നടുങ്ങും. ഇടുക്കി ജില്ലയിൽ കുത്തനെ നിൽക്കുന്ന മലകളുടെ പാറക്കൂട്ടങ്ങളും, വളഞ്ഞു തിരിഞ്ഞു പോകുന്ന വീതി കുറഞ്ഞ നിരത്തുകളും പലപ്പോഴും കൂട്ടമരണം വിളിച്ചു വരുത്തുന്നു.

കഴിഞ്ഞ ഒൻപതു വർഷത്തിന്നിടയിൽ മൂന്നാർ ഭാഗത്തു ഉണ്ടാകുന്ന മൂന്നാമത്തെ വലിയ അത്യാഹിതമാണിത്. 975 —ൽ കരടിപ്പാറയിൽ കെ.എസ്.ആർ.ടി.സി. ബസ് കൊക്കയിലേക്ക മറിഞ്ഞു 35 പേരുടെ ജീവൻ ഒടുക്കി. 1978—ൽ ശാന്തൻപാറയിലെ ഗാപ് റോഡിൽ തമിഴ്നാട്ടിൽ നിന്നു വന്ന ബസ് താഴ്ചയിലേക്ക് മറിഞ്ഞു 39 പേർ മരിച്ചു. ഇപ്പോഴും ഇതാ പാലം അപകടം!

അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചു

തിരുവനന്തപുരം: മൂന്നാർ ദുരന്തത്തെപ്പററി റിട്ട. ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജി ലിസബത്ത് മത്തായി ഇടിക്കുള അന്വേഷിക്കും. സുരക്ഷിതത്വം ഉൾപ്പെടെയുള്ള കാര്യങ്ങൾ അന്വേഷണത്തിന്ന് വിധേയമാക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

* *

മുതിരപ്പുഴയാററിൽ മരണവുമായി മുഖാമുഖം കണ്ട പന്ത്രണ്ടുകാരികളായ ശകുന്തളയുടേയും മുത്തുലക്ഷ്മിയുടേയും ഞെട്ടൽ ഇനിയും മാറിയിട്ടില്ല. നേരിയ വിറയലോടെയാണ് അവർ രാവിലത്തെ ദുരന്തത്തെക്കുറിച്ചു വിവരിച്ചത്.

പാലത്തിൽ നിറയെ ആളുകൾ ഉണ്ടായിരുന്നുവെന്ന് ശകുന്തള പറഞ്ഞു. പെട്ടെന്നെന്തോ ഞെരിഞ്ഞുടയുന്നതുപോലെ തോന്നി. പാലം പൊളിഞ്ഞു. ഒന്നിന്മേൽ ഒന്നായി കുട്ടികൾ പുഴയിൽ വീണു. പിന്നെ രക്ഷപ്പെടാൻ വേണ്ടിയുള്ള പരാക്രമമായിരുന്നു. പരസ്പരമുള്ള കൂട്ടിപ്പിടുത്തത്തിനിടയിൽ പലരും ചെളിയിലേക്ക താണു. ആൺകുട്ടികൾ ഇടതുവശത്താണ് നിന്നിരുന്നത്. അവരിൽ പലരും കയറി. കൈവരിയിൽ തൂങ്ങിക്കിടന്നു രക്ഷപ്പെട്ടു. ബാക്കി മിക്കവാറും നീന്തി കര

ഹെലികോപ്ററർ വട്ടമിട്ടു കറങ്ങുന്നതു കണ്ടുകൊണ്ടിരുന്ന പെയിൻറർ ധനപാൽ പാലം തകർന്നു വീഴുന്ന ശബ്ദം കേട്ടാണ് പാഞ്ഞെത്തിയത്. തണുത്തുറഞ്ഞ പുഴയിലേക്ക് കുതിച്ചുചാടിയ ധനപാലിന്നു രണ്ടു പേരെ രക്ഷിക്കാനായി.



മൂന്നാർ പട്ടണത്തെ ദുഃഖത്തിൽ ആഴ്ത്തിയ ദുരന്തം; പൊളിഞ്ഞു വീണ തൂക്കുപാലവും പുഴക്കരയിൽ ഇനിയും മൃതദേഹങ്ങൾ ഉണ്ടോ എന്നു കാത്തിരിക്കുന്ന ജനക്കൂട്ടവും —ഫോട്ടോ ജയകൃഷ്ണൻ

മന്ത്രിയുടെ 'സ്റ്റേ' മാനിക്കില്ല

സ്വന്തം ലേഖകൻ

കൊച്ചി: റവന്യൂ റിക്കവറി നടപടികൾ നിർത്തി വെക്കാനുള്ള വകുപ്പു മന്ത്രി പി.ജെ. ജോസഫിൻെറ ഉത്തരവുകൾ മാനിക്കപ്പെടുകയില്ല.

ഗവർമ്മെണ്ടോ, റവന്യൂ ബോർഡോ അതാതു ജില്ലാ കലക്ടറോ നൽകുന്ന സ്റ്റേ ഉത്തരവുകൾ മാത്രം അനുസരിച്ചാൽ മതിയെന്നാണ് നിർദ്ദേശം. കോടതികൾ നൽകുന്ന സ്റ്റേ നടപടികൾ അനുസരിക്കണമെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

സർക്കാറിൻെറ പുതിയ ഉത്തരവ് കർക്കശമായി അനുസരിക്കണമെന്ന് ജില്ലാ കലക്ടർമാർ താസിൽദാർമാർക്കു നിർദ്ദേശം നൽകിയിരിക്കുന്നു. ഇതുസംബന്ധിച്ച്, താലൂക്ക് ഓഫീസുകളിൽ നിന്ന് വില്ലേജ് ഓഫീസുകളിലേക്കു നിർദ്ദേശം പോയിട്ടുണ്ട്. ഈ ഉത്തരവുകളെ മറി കടന്നു പ്രവർത്തിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കും.

നികുതി കടിശ്ശികകളും മററും നൽകാനുള്ളവരെ റവന്യൂമന്ത്രിയുടെ 'പച്ച കാർഡ്'' കാണിച്ചു റിക്കവറി നടപടിയിൽനിന്ന് തൽക്കാലം 'രക്ഷ' നേടിയിരുന്നു.

ഒരു ഉയർന്ന കീഴ് ഉദ്യോഗസ്ഥന്ന് നൽകിയ ഉത്തരവിൽ ഈ പച്ച കാർഡ് സമ്പ്രദായത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ആ കാർഡിൻെറ അടിസ്ഥാനത്തിൽ റിക്കവറി നടപടികൾ നിർത്തി വയ്ക്കരുതെന്നും അദ്ദേഹം നിർദ്ദേശിച്ചു.

കടിശ്ശിക ഈടാക്കാൻ വേണ്ടി വീടും പറമ്പും മററും ലേലം ചെയ്യുന്നതിനായി താസിൽദാരിൽ നിന്ന് നോട്ടീസ് കിട്ടിയിട്ടുള്ള കടിശ്ശികക്കാർ റവന്യൂമന്ത്രിയിൽ നിന്ന് നടപടി നിർത്തി വെക്കണമെന്ന് നിർദ്ദേശിക്കുന്ന 'പച്ച കാർഡു'മായി വില്ലേജ് അധികാരികളെ സമീപിച്ചപ്പോഴാണ് ഇക്കാര്യം അറിവായത്. വില്ലേജ് അധികാരികൾ അത് സ്വീകരിക്കാൻ കൂട്ടാക്കിയില്ല. റിക്കവറി നടപടികൾ കൈക്കൊള്ളുകയും ചെയ്തു.

പച്ചകാർഡ് നേടിയവർ പലരും ഇപ്പോൾ കുടുക്കിലായിരിക്കുന്നു.

അറിയിപ്പ്

അടുത്ത ലക്കം 'മാതൃഭൂമി' ആഴ്ചപ്പതിപ്പ് (നവംബർ 18 – 24) ഇന്ദിരാഗാന്ധി പതിപ്പായിരിക്കും. ആവശ്യക്കാർ കോപ്പികൾ മുൻകൂട്ടി ഏജൻറുമാർ മുഖേന ബുക്ക്ചെയ്യാൻ താൽപ്പര്യപ്പെടുന്നു.

—മാനേജർ.

എം. ജി. ആറിനെ വിദഗ്ദ്ധർ പരിശോധിച്ചു

മദിരാശി: ന്യൂയോർക്ക് ആസ്പത്രിയിൽ കഴിയുന്ന തമിഴ്നാട് മുഖ്യമന്ത്രി എം. ജി. രാമചന്ദ്രനെ, അമേരിക്കയിലെ സ്പെഷ്യലിസ്റ്റുകൾ പരിശോധിച്ചു തുടങ്ങി.

എം. ജി. ആർ. വ്യാഴാഴ്ച ഡയാലിസിസ്സിന്നു വിധേയനായി. ഉണർവ്വ് അദ്ദേഹത്തിൽ പ്രകടമായെന്ന് ഔദ്യോഗിക പത്രക്കുറിപ്പ് പറയുന്നു.

ബ്രൂക്ക്ലൈനിലെ ഡൗൺ ടൗൺ മെഡിക്കൽ സെൻടറിലാണ് എം. ജി ആറിനെ പ്രവേശിപ്പിച്ചിരിക്കുന്നത്. അവിടെ അദ്ദേഹം താമസിയാതെ വൃക്കമാററൽ ശസ്ത്രക്രിയക്ക് വിധേയമായേക്കും.

സ്കൂൾ കുട്ടികളുടെ പുഷ്പാർച്ചന

തിരുവനന്തപുരം: പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ചിതാഭസ്മത്തിന്ന് അന്ത്യപ്രണാമങ്ങൾ അർപ്പിക്കാൻ കുട്ടികളുടെ നിലക്കാത്ത പ്രവാഹത്തിന്ന് വ്യാഴാഴ്ച കനകക്കുന്ന് സാക്ഷ്യം വഹിച്ചു.

നെഴ്സറി കുഞ്ഞുങ്ങൾ— ഇന്ദിരാഗാന്ധിയുടെ ചെറു മക്കളായ പ്രിയങ്കയേയും, രാഹുലിനേയും, വരുണിനേയും ഓർമ്മിപ്പിക്കുന്ന ദുഃഖ ഭാവങ്ങളോടെ —അടക്കം പരശ്ശതം സ്കൂൾ വിദ്യാർത്ഥികൾ നഗരത്തിൻെറയും നാടിൻെറയും വേദനയിൽ പങ്കുചേർന്നു.

ഇത്രയധികം കുട്ടികൾ ഒന്നിച്ചു വന്നാൽ സാധാരണയുണ്ടാവുന്ന വിഷമങ്ങളൊന്നും കനകക്കുന്ന് കൊട്ടാരത്തിൽ അനുഭവപ്പെട്ടില്ല. അത്രക്ക അച്ചടക്കത്തോടും ഒതുക്കത്തോടും ആയിരുന്നു അവരുടെ വരവ്. റോഡിൽ ട്രാഫിക് നിയന്ത്രിച്ചു കൊണ്ട് നിന്ന പൊലീസുകാർക്കു ഈ കുട്ടികൾ ശല്യമുണ്ടാക്കിയില്ല. 'മററ വല്ല സന്ദർഭങ്ങളിലുമാണ് ഇത്രയും കുട്ടികൾ ഒന്നിച്ചു കൂടിയിരുന്നതെങ്കിൽ ഞങ്ങൾ വിഷമിച്ചു പോയേനെ' ഒരു പൊലീസ് ഉദ്യോഗസ്ഥൻ പറഞ്ഞു.

അന്ത്യപ്രണാമമർപ്പിക്കാൻ സ്കൂൾ കുട്ടികൾക്ക് പുറമെ പ്രമുഖരായ പല വ്യക്തികളും സംഘടനാ നേതാക്കളും വ്യാഴാഴ്ച കനകക്കുന്നിലെത്തുകയുണ്ടായി.

ഇന്ദിര സെൻറർ ഫോർ പൊളിററിക്കൽ സ്റ്റഡീസിന്നുവേണ്ടി അതിൻെറ സംസ്ഥാന പ്രസിഡണ്ട് പി.വി. ഗംഗാധരൻ ഇന്ദിരയുടെ ചിതാഭസ്മത്തിൽ പുഷ്പമാല്യമർപ്പിച്ചു.

കുഞ്ഞമ്മാൻ



ഇനി കൂടെ നിൽക്കാൻ വോട്ടവകാശമുള്ള ഒരു മൂന്നു പേരെയെങ്കിലും കണ്ടെത്തുക കൂടിയേ വേണ്ടൂ..


12
തിരുവനന്തപുരം - ധന്യ
കൊല്ലം - പ്രിൻസ്
കോട്ടയം - ആനന്ദ് (N.SHOW 12.00)
എറണാകുളം - സവിത
തൃശ്ശൂർ - രാഗം (2 SHOWS. 11.00AM & 1.00PM)
പാലക്കാട് - പ്രിയ
കോഴിക്കോട് - ബ്ലൂഡയമണ്ട്
കണ്ണൂർ - കവിത
-ാം വാരം
INDIA'S FIRST 3D
നവോദയായുടെ
മൈഡിയർ കുട്ടിച്ചാത്തൻ 3D
EXECUTIVE PRODUCER THOMAS I. KASAW
DIRECTOR ജിജോ
GAYATRI

ഇന്ദിരാഗാന്ധിക്ക് അശ്രുപൂജ

കോഴിക്കോട്: ഇന്ദിരാഗാന്ധിയ അകാല നിര്യാണത്തിൽ പഞ്ചായ ്' എംപ്ലോയീസ് അസോസിയേ ൻ ജില്ലാ കമ്മിററി അനുശോചനം രഖപ്പെടുത്തി.

ഐ. നാരായണൻ അദ്ധ്യക്ഷതവ ിച്ച യോഗത്തിൽ ടി.സി. അബ്ദു ദിമാൻ, കെ.ജെ. തോമസ്, കെ. ാകരൻ, പി. സുകുമാരൻ എന്നി ർ പ്രസംഗിച്ചു.

ാരതത്തിന്റെ അഖണ്ഡതയ്ക്കും മതേ ത്വത്തിനും വേണ്ടി അവസാനം വ നിലകൊണ്ട ശ്രീമതി ഇന്ദിരാഗാ ിയുടെ വധത്തിൽ കാലിക്കററ് കോ റേറീവ് ആർട്സ് ആൻഡ് കോ ്സ് കോളേജ് വിദ്യാർത്ഥികൾ ർഷവും ദുഃഖവും പ്രകടിപ്പിച്ചു. ്രിൻസിപ്പാൾ സി. പത്മനാഭമേനോ ് അദ്ധ്യക്ഷതവഹിച്ചു. പ്രേംനാഥ്, ചന്ദ്രൻ, ശ്രീധരൻ, കൃഷ്ണകുമാർ എ ിവർ പ്രസംഗിച്ചു.

ളിമാട്: വിവിധ രാഷ്ട്രീയ സം ടനകളുടെ പ്രതിനിധികൾ ടി. സെ ്തുട്ടി മൌലവിയുടെ അദ്ധ്യക്ഷത ിൽ യോഗം ചേർന്ന ഇന്ദിരാഗാന്ധി ടെ അകാലനിര്യാണത്തിൽ അനു ശോചിച്ചു. കെ.എ. ഖാദർ, ടി.സി. ിരാൻ മാസ്റ്റർ, കെ. ഷുക്കൂർ, പി. ി. മോയിൻ, എം.കെ. ശിവദാസൻ കെ. ബാലകൃഷ്ണൻ, സി. ബഷീർ, ുക്കറപ്പ്, ടി.എൽ. മോതി, പി. ി. മുഹമ്മദ്, കെ.സി. ഇസ്മാലുട്ടി ന്നിവർ സംസാരിച്ചു.

അരക്കിണർ: യുവതരംഗിന്റെ അ ിയന്തരയോഗം അനുശോചനം രേഖ പ്പെടുത്തി. വൈസ് പ്രസിഡണ്ട് മനോഹരൻ അദ്ധ്യക്ഷതവഹിച്ചു. ജയപ്രകാശ്, വി. ജയപ്രകാശ്, ശശിധരൻ, കെ. മാതൃതോമസ്, സുകുമാരൻ, എം. സുധീർകുമാർ, എം. അനിൽകുമാർ എന്നിവർ ആ ദരാഞ്ജലികൾ അർപ്പിച്ചു.

എരഞ്ഞിപ്പാലം: യുവജനതാ പ്രവ ർത്തകയോഗം മല്ലിശ്ശേരി ദിനകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു അ നുശോചനം രേഖപ്പെടുത്തി. സിററി ിക്രട്ടറി വിജയൻ, സുരേഷ് ബാബു ഹമ്മദ്കോയ, രാംദാസ്, നസീർ ാബു എന്നിവർ പ്രസംഗിച്ചു.

കൊടുവള്ളി: ബ്ലോക്കിലെ ഉദ്യോഗ ഥന്മാരുടേയും പഞ്ചായത്ത് എക്സി. ഫീസർമാരുടേയും യോഗം ഇന്ദിരാ ാന്ധിയുടെ ആത്മാവിന് നിത്യശാ ി നേർന്നു.

കോഴിക്കോട്: സംസ്കൃതി ബേ ിൽ വി. എം. കൊറാത്തിന്റെ അ ദ്ധ്യക്ഷതയിൽ ചേർന്ന തപസ്യയുടെ യോഗം ഇന്ദിരാഗാന്ധിയുടെ ചരമ ിൽ അനുശോചിച്ചു.

മെഡിക്കൽ എംപ്ലോയീസ് ഓർഗ നൈസേഷൻ അടിയന്തര പ്രവർത്തക മിതിയോഗം വൈസ് പ്രസിഡ ്' സി. വി. വർമ്മയുടെ അദ്ധ്യക്ഷ യിൽ ചേർന്നു് അനുശോചനം രേ പ്പെടുത്തി. എം.പി. ചന്ദ്രൻ, ശശി മാർ എന്നിവർ സംസാരിച്ചു.

മാങ്കാവ് സോഷ്യൽ സർവ്വന്റ്സ് യോഗം ദിവംഗതയായ ഇന്ദിരാഗാ ന്ധിക്ക് ആദരാഞ്ജലികളർപ്പിച്ചു. ി. എം. നാരായണൻ, മനക്കൽ ബാബുപൊക്കന്ന്, വി. മുരളി വി. പി. ശേഖരൻ, പി. ചന്ദ്രൻ, മോഹനൻ ചെട്ടിക്കണ്ടി എന്നിവർ സംസാരിച്ചു.

പ്രസിഡണ്ട് എം. മുരളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ക്രിക്കററ് ക്ലബ്ബ് യോഗവും അനുശോചനം രേഖപ്പെടുത്തി. സിക്രട്ടറി പി. വി. സതീഷ്, രാധാകൃഷ്ണൻ, ജയകൃഷ്ണൻ, കെ. പി. സുരേഷ് എന്നിവർ സംസാരിച്ചു.

ഇന്ദിരാഗാന്ധിയുടെ നിര്യാണത്തിൽ 13—ാംഡിവിഷൻ കോൺഗ്രസ്സ് കമ്മിററി അനുശോചിച്ചു. സി. അസീസ്, കെ. ആലിക്കുട്ടി, കെ. പ്രഭാകരൻ കററിത്തൊടി ശശി, പി. സി. രാധാകൃഷ്ണൻ, ടി. വേണുഗോപാൽ, എന്നിവർ സംസാരിച്ചു.

ലൈസൻസ്ഡ് ബിൽഡിംഗ് സർവ്വേയേഴ്സ് ആൻഡ് എൻജിനീയേഴ്സ് അസോസിയേഷൻ യോഗം സ്റ്റേററ് ഓർഗനൈസിംഗ് സിക്രട്ടറി ടി. വാസുദേവന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് അനുശോചിച്ചു. കോഴിക്കോട് ജില്ലാ ലോട്ടറി ഏജൻസി അസോസിയേഷൻ അടിയന്തര ജനറൽബോഡി യോഗം പ്രസിഡണ്ട് ശങ്കരന്റെ അദ്ധ്യക്ഷതയിൽ ചേർന്നു് ഇന്ദിരാഗാന്ധിക്ക് ബാഷ്പാഞ്ജലികളർപ്പിച്ചു. അസോസിയേഷന്റെ അടിയന്തര യോഗം ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് എം.സി.സി. ബാങ്ക് ഓഡിറേറാറിയത്തിൽ ചേരാനും തീരുമാനിച്ചിട്ടുണ്ട്.

കേരള കളരിക്കറപ്പ്—കളരി പണിക്കർ സംഘം അനുശോചിച്ചു. സി. ആർ. ബാലകൃഷ്ണ പണിക്കർ അദ്ധ്യക്ഷനായിരുന്നു. പുതിയങ്ങാടി ഹരിജൻ പൗരസമിതി കെ. ടി. കുമാരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് ബാഷ്പാഞ്ജലി അർപ്പിച്ചു. കോവൂർ സ്പൈക്കോ സ്പോർട്ട്സ് ക്ലബ്ബ് അനുശോചനം രേഖപ്പെടുത്തി. കെ. ബാലകൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു. പി. എൻ. ഗംഗാധരൻനായരുടെ അദ്ധ്യക്ഷതയിൽ കോവൂരിൽ നടന്ന പൊതുയോഗവും പ്രിയദർശിനിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു. വിവിധ രാഷ്ട്രീയ— സാമൂഹ്യ— സാംസ്കാരിക സംഘടനാ പ്രതിനിധികൾ സംസാരിച്ചു. യൂത്ത് കോൺഗ്രസ്സ് മുഖദാർ യൂനിററ് പ്രസിഡണ്ട് എം. മുഹമ്മദലിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന് ഇന്ദിരാഗാന്ധിക്ക് ആദരാഞ്ജലികളർപ്പിച്ചു.

എലത്തൂർ: ഇന്ദിരാഗാന്ധിയുടെ അകാല ചരമത്തിൽ അനുശോചിച്ചു കൊണ്ട് സർവ്വകക്ഷികളുടെ ആഭിമുഖ്യത്തിൽ കൂട്ടപ്രാർത്ഥനയും മൗന ജാഥയും നടത്തി. മണ്ഡലം പ്രസിഡണ്ട് അഴീക്കൽ ബാലന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വിവിധ കക്ഷികളുടെ പ്രതിനിധികൾ പ്രസംഗിച്ചു.

കോഴിക്കോട്: റീജിനൽ എഞ്ചിനീയറിങ്ങ് കോളേജ് നോൺ ടീച്ചിങ്ങ് സ്റ്റാഫ് ഓർഗനൈസേഷൻ എക്സിക്യൂട്ടീവ് കമ്മിററി യോഗം ഇന്ദിരാഗാന്ധിക്ക് ആദരാഞ്ജലികളർപ്പിച്ചു.

കേരളാ സ്റ്റേററ് ടെയിലേഴ്സ് അസോസിയേഷൻ കോഴിക്കോട് ജില്ലാ കമ്മിററി ഇന്ദിരാഗാന്ധിയുടെ നിര്യാണത്തിൽ അനുശോചിച്ചു. പ്രസിഡണ്ട് എ. പി. കുമാരൻ ആദ്ധ്യക്ഷ്യം വഹിച്ചു. എ. പി. വാസു, ദേവരാജൻ, രാധാകൃഷ്ണൻ, സുരേന്ദ്രൻ എന്നിവർ സംസാരിച്ചു.

കൊളത്തറ മഹിളാ സമാജത്തിന്റെ എക്സിക്യൂട്ടീവ് കമ്മിററി സമാജം പ്രസിഡണ്ട് ദ്രൗപതിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു് അനുശോചനം രേഖപ്പെടുത്തി.



കേരളാ സ്റ്റേററ് ഗവ. ആയുർവ്വേദ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ കോഴിക്കോട് ജില്ലാ പ്രസിഡണ്ട് ഡോ. എം. രവീന്ദ്രൻ

ജീപ്പ് അപകടത്തിൽ മരിച്ചു

ഫറോക്ക്: കല്ലൻപാറയിലെ മരക്കണങ്ങോട്ട് മുഹമ്മദ് എന്ന ബാപ്പുട്ടി (24) തൊടുപുഴയ്ക്കടുത്ത് നടന്ന ഒരു ജീപ്പ് അപകടത്തെ തുടർന്ന് മെഡിക്കൽകോളേജ് ആസ്പത്രിയിലേയ്ക്ക് കൊണ്ടുവരവെ വഴിയിൽ വെച്ച് മരണപ്പെട്ടു. തൊടുപുഴയിൽ കലാസിപ്പണി ചെയ്യുന്ന മുഹമ്മദ് ആലുവായിൽ വണ്ടിയിറങ്ങി ഹർത്താൽമൂലം ബസ്സില്ലാത്തതുകൊണ്ട് ജീപ്പിൽ ജോലി സ്ഥലത്തേക്ക് പോകുമ്പോഴാണ് അപകടമുണ്ടായത്. വൃദ്ധരായ മാതാ പിതാക്കളും ഗർഭിണിയായ ഭാര്യയുമടങ്ങുന്ന ഒരു ദരിദ്ര കുടുംബത്തിന്റെ ഏക ആശ്രയമായിരുന്നു മുഹമ്മദ്. —സ്വ. ലേ.

അടിച്ചും കുത്തിയും കൊന്നു

മുക്കം: മുക്കത്തിന്നടുത്ത അള്ളിയിൽ ഫാത്തിമാ എസ്റ്റേററിൽ പുത്തൻ പുരക്കൽ വർക്കി (59) ഏതാനും പേർ സംഘം ചേർന്ന് കല്ല് കൊണ്ട് എറിഞ്ഞും, ഇടിച്ചും, കുത്തിയും പരിക്കേല്പിച്ചതിനെ തുടർന്നു ആശുപത്രിയിൽ കൊണ്ടുപോകും വഴി മരിച്ചു. മുക്കം പൊലീസ്സ് കേസ്സ് റജിസ്റ്റർ ചെയ്തു അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

എം. ജി. ആറിന്നു വേണ്ടി കുങ്കുമാർച്ചന

തലക്കുളത്തൂർ: ന്യൂയോർക്കിൽ ചികിത്സക്കായി കൊണ്ടുപോയ തമിഴ്നാട് മുഖ്യമന്ത്രി എം. ജി. രാമചന്ദ്രന് സംസാരശേഷി തിരിച്ചുകിട്ടാൻ ഉപ്പിണാത്ത് രാരിച്ചൻ പറമ്പ് ശ്രീ ദുർഗാക്ഷേത്രത്തിൽ ത്രിതപഭാവാധാരമായ പീഠത്തിൽ കന്നിമാം മധുസൂദനൻ നമ്പൂതിരിയുടെ കാർമ്മികത്വത്തിൽ കുങ്കുമാർച്ചന നടന്നു. വിദ്യാദേവിയെ പ്രസാദിപ്പിക്കുന്നതിന്നുള്ളതാണ് കുങ്കുമാർച്ചന.

മലയാളിയായ തമിഴ്നാട് മുഖ്യമന്ത്രിയുടെ ആരോഗ്യത്തിന്നായി പ്രാർത്ഥിച്ചുകൊണ്ട് വി.യു. ലോഹിതാക്ഷനും സംഘവും ഭജന നടത്തി. നാമജപാനന്തരം അയ്യപ്പഭക്തന്മാരുടെ വക ലഘുഭക്ഷണവും നൽകി. അർപ്പിച്ച കുങ്കുമം മദിരാശിയിൽ എം. ജി. ആറിന്റെ കുടുംബത്തെ ഏല്പിക്കുന്നതാണ്.

ശ്രീനാരായണ എഡ്യുക്കേഷൻ സൊസൈററിയുടെ ആഭിമുഖ്യത്തിൽ ശ്രീനാരായണാ അക്കാദമി ഹാളിൽ പ്രിയദർശിനിയുടെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് നടത്തിയ പ്രാർത്ഥന

വർക്കിങ്ങ് കമ്മിററി അടിയന്തരയോഗം ചേരുന്നു

ന്യൂഡൽഹി: പുതിയ പാർട്ടി പ്രസിഡണ്ടിനെ നോമിനേററ് ചെയ്യാൻ കോൺഗ്രസ്സ്—ഐ വർക്കിങ്ങ് കമ്മിററിയുടെ അടിയന്തിര യോഗം നവംബർ 12ന് ഇവിടെ ചേരുന്നതാണ്. ഇന്ദിരാഗാന്ധി തന്നെയായിരുന്നു ഈ സ്ഥാനവും വഹിച്ചിരുന്നത്.

ചിതാഭസ്മം കോഴിക്കോട്ടും?

കോഴിക്കോട്: ഇന്ദിരാ പ്രിയദർശിനിക്ക് അന്തിമ പ്രണാമമർപ്പിക്കാനുള്ള അവസരം കോഴിക്കോട്ടേയും കണ്ണൂരേയും ജനലക്ഷങ്ങൾക്ക ലഭിക്കുമോ?

കൊണ്ടു പിടിച്ചൊരു ശ്രമം—അതിനു വേണ്ടി കോൺഗ്രസ് നേതാക്കൾ വ്യാഴാഴ്ച അർദ്ധരാത്രിയും നടത്തിക്കൊണ്ടിരിക്കുന്നതു കണ്ടു. ശ്രമം വിജയിക്കുകയാണെങ്കിൽ ഹെലികോപ്ടറിൽ വൈകുന്നേരം ചിതാഭസ്മകലശം വെസ്റ്റ്ഹിൽ മൈതാനിയിൽ എത്തും.

എത്തുകയാണെങ്കിൽ നഗരത്തിലെ ജനതകൾക്ക അന്തിമാഭിവാദ്യം അർപ്പിക്കാൻ ചിതാഭസ്മകലശം ടൗൺ ഹാളിൽ വൈകുന്നേരം 4 മണി മുതൽ ഏതാനും മണിക്കൂർ ഉണ്ടാവുകയും ചെയ്യും.

റേഷൻ മുടങ്ങും

കോഴിക്കോട്: കോഴിക്കോട് താലൂക്കിലെ 180—ൽപരം റേഷൻഷാപ്പുകളിൽ ഈ ആഴ്ച അരിവിതരണം മുടങ്ങുമെന്ന് താലൂക്ക് റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ സിക്രട്ടറി എം. വി. ബഷീർ അറിയിച്ചു.

വ്യാഴാഴ്ച ഗുരുനാനാക് ജയന്തി ആയതുകൊണ്ട് റേഷൻഷാപ്പുകാർക്ക് അരി വിതരണം ചെയ്യാൻ എഫ്.സി.ഐ. തൊഴിലാളികൾ ഓവർടൈം വേതനം ആവശ്യപ്പെട്ടതാണ് കുഴപ്പത്തിന്ന് കാരണമെന്ന് സിക്രട്ടറി വിശദീകരിച്ചു. ഇതുകാരണം വ്യാഴാഴ്ച അരിവിതരണം നടന്നില്ല. നവംബർ 10 രണ്ടാം ശനിയാഴ്ചയായതുകൊണ്ട് അന്നും തൊഴിലാളികൾ ഓവർടൈം വേതനം ഇല്ലാതെ അരിവിതരണം നടത്താനിടയില്ല. ഈ സാഹചര്യങ്ങളിൽ റേഷൻ വിതരണം മുടങ്ങും.

തായാട്ടിന്നു ബാലസാഹിത്യഅവാഡ്

കോട്ടയം: കൈരളി ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റിന്റെ 1984—ലെ ബാലസാഹിത്യ അവാർഡ് കെ. തായാട്ട് രചിച്ച 'നാടുകാണിച്ചുരം' എന്ന കൃതിക്ക ലഭിച്ചു. 2500ക.യും പ്രശസ്തി പത്രവും ആണ് അവാർഡ്.

ബാലാമണി അമ്മ, വിഷ്ണുനാരായണൻ നമ്പൂതിരി, ഡോ. പി. വി. വേലായുധൻ പിള്ള എന്നിവരടങ്ങുന്ന ജഡ്ജിങ്ങ് കമ്മിററിയാണ് അവാർഡിനുള്ള പുസ്തകം തെരഞ്ഞെടുത്തത്. നവംബർ 14ന് തിരുവനന്തപുരത്തു ചേരുന്ന ചടങ്ങിൽ സുഗതകുമാരി അവാർഡ് സമ്മാനിക്കും.

ടി. സി. എച്ച്. അദ്ധ്യാപകയോഗം

കോഴിക്കോട്: 1981—ൽ ടി.സി.എച്ച്. പാസായി ഇൻസർവ്വീസ് കോഴ്സിന്ന് ശേഷം നിയമനാംഗീകാരം കിട്ടാതെ ജോലി ചെയ്തു കൊണ്ടിരിക്കുന്ന ടി.സി.എച്ച്. അദ്ധ്യാപകരുടെ യോഗം 10—ാംനശനിയാഴ്ച രാവിലെ 10 മണിക്ക് വടകര താജ് ലോഡ്ജിൽ ചേരുന്നതാണെന്ന് സിക്രട്ടറി പി. ശിവദാസ് അറിയിച്ചു.

ജില്ലായോഗാസനമത്സരം

കോഴിക്കോട്: ജില്ലാ യോഗാ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഭഗവതിക്കണ്ടി രാരിച്ചൻ എവർ റോളിംഗ് ട്രോഫിക്ക് വേണ്ടി നടത്തുന്ന യോഗാസന മത്സരം നവംബർ 10 ന് ശനിയാഴ്ച ചാലപ്പുറം ധർമ്മക്ഷേത്ര ഹാളിൽ വൈകുന്നേരം 4 മണി മുതൽ നടക്കും.

ആന്ധ്രാ കർഷകർ കോഴിക്കോട്ടേക്ക്

കോഴിക്കോട്: ഇന്ത്യാ ഗവർമ്മേണ്ടിന്റെ 'ഫാർമേഴ്സ് എക്സ്ചേഞ്ച്' പരിപാടിയനുസരിച്ച് ആന്ധ്രയിൽ നിന്നുള്ള 20 കർഷകർ നവംബർ 12 മുതൽ 20 വരെ കോഴിക്കോട് വയനാട് ജില്ലകളിൽ പഠനപര്യടനം നടത്തുന്നതാണ്.

തോട്ടവിളകളേയും സുഗന്ധ ദ്രവ്യവിളകളേയും കുറിച്ച് പഠനം നടത്തുകയാണ് പര്യടനോദ്ദേശമെന്ന് കൃഷി ഡെപ്യൂട്ടി ഡയറക്ടർ ടി.എ. ജേക്കബ്ബ് അറിയിച്ചു. സി.ഡബ്ലിയു.ആർ.ഡി.എം., സി.പി.സി.ആർ.ഐ. എന്നീ സ്ഥാപനങ്ങളും ഇവർ സന്ദർശിക്കുന്നതാണ്. തിങ്കളാഴ്ച രാവിലെ 10 മണിക്ക് സി.പി.സി.ആർ.ഐ. ഹാളിൽ ആന്ധ്ര കർഷകർക്ക് സ്വീകരണം നൽകും. മാതൃഭൂമി ഡെപ്യൂട്ടി എഡിററർ വി.എം. കൊറാത്ത് മുഖ്യാതിഥിയായിരിക്കും.

മാവേലിസ്റ്റോർനിർത്തരുത്

കോഴിക്കോട്: പാളയത്തെ മാവേലി സ്റ്റോർ നിർത്തലാക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് കേരള എൻ. ജി.ഒ. അസോസിയേഷൻ കോഴിക്കോട് ജില്ലാ കമ്മിററി ആവശ്യപ്പെട്ടു. കെട്ടിടഉടമയെ സഹായിക്കാനുള്ള ചിലരുടെ നീക്കങ്ങളാണ് ഇതിന്നു പിന്നിലുള്ളതെന്ന യൂനിയൻ ആരോപിച്ചു. മാവേലി നിർത്തലാക്കുകയാണെങ്കിൽ പ്രത്യക്ഷ സമരം തുടങ്ങുമെന്ന് സിക്രട്ടറി നാരായണൻ അറിയിച്ചു.

കൊടുങ്ങല്ലൂരിൽബോംബ്പൊട്ടി പത്തു പേർക്ക് പരിക്ക്

കൊടുങ്ങല്ലൂർ: ചേരമാൻ ജുമാ മസ്ജിദിന്ന് സമീപം കൊട്ടയത്തുവീട്ടിൽ സെയ്തുവിന്റെ വീട്ടിൽ വ്യാഴാഴ്ച വൈകീട്ട് ആറ് മണിയോടെ ബോംബ് പൊട്ടി തെറിച്ച് ഗുരുതരമായി പരിക്കേററ പത്തു പേരെ കൊടുങ്ങല്ലൂർ ഗവ. ആസ്പത്രിയിൽ പ്രവേശിപ്പിച്ചു.

ഇവരിൽ സെയ്തുവിന്റെ മകൻ നാസർ (24) സഹോദരൻ അബ്ബി (22) എന്നിവരെ തൃശൂർ മെഡിക്കൽ കോളേജ് ആസ്പത്രിയിലേക്ക് മാററിയിട്ടുണ്ട്. നസീറിന്റെ സഹോദരി സുലേഖ, ഭാര്യ ലൈല, സഹോദരൻ ഷൈസാബ്, അമ്മ ലൈല, സലീം എന്നിവരാണ് കൊടുങ്ങല്ലൂരിൽ ആസ്പത്രിയിൽ ചികിത്സയിലുള്ളത്.

പാലക്കാട്ടുനിന്ന് കൊണ്ടുവന്ന ഒരു പാർസൽ പെട്ടിയിൽ അടക്കം ചെയ്തിരുന്ന ബോംബ് ആണ് പൊട്ടിത്തെറിച്ചതു്. പാർസൽ കൊണ്ടുവന്ന ആൾക്ക് മാറിൽ ഷെല്ലുകൾ തറച്ച് പരക്കേററിട്ടുണ്ട്. എറിയാട് സ്വദേശിയായ ഒരു റിട്ടയേർഡ്സബ്ബ് ഇൻസ്പെക്ടറുടെമകനാണ് ബോംബ് അടക്കം ചെയ്ത സൂട്ട്കെയ്സ് കൊണ്ടുവന്നതു്.

സാധാരണ പാലക്കാട്ടുനിന്ന് സൂട്ട്കെയ്സ്കൊണ്ടുവരുമ്പോൾ ഒരു എഴുത്തുംകൂടെ ഉണ്ടാവാറുണ്ട്. ഇത്തവണ എഴുത്തില്ലാത്തതുകൊണ്ട് സംശയം തോന്നിയ വീട്ടുകാർ സൂട്ട്കേയ്സ് കൊണ്ടുവന്ന ആളിനെക്കൊണ്ടുതന്നെ അതു് തുറപ്പിക്കുകയാണ് ഉണ്ടായതു്.

വീട്ടുടമയായ സെയ്തു് ആറു് മാസം മുമ്പ് ബോംബെയിൽ വെച്ച് മരിച്ചതിനെച്ചൊല്ലി നാട്ടിൽ ഒട്ടേറെ കിംവദന്തികൾ ഉണ്ടായിരുന്നു. എന്നാൽ വീട്ടുകാർക്ക് ഇക്കാര്യത്തിൽ സംശയം ഉണ്ടായിരുന്നില്ലെന്നുപറയപ്പെടുന്നു. ഏതോ രോഗംമൂലമാണ് സെയ്തു് മരിച്ചതെന്നാണ് വീട്ടുകാർ നൽകുന്ന വിശദീകരണം. ഈ സംഭവത്തെപ്പററി പൊലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

അത്താണിക്കൽ ജയിച്ചു

കോഴിക്കോട്: ഡി. ഡിവിഷൻ ലീഗ് മത്സരത്തിൽ അത്താണിക്കൽ ബ്രദേഴ്സ് രണ്ടു ഗോളിനു ജൂനിയർ ലീഡേഴ്സിനെയും കേരള സോപ്പ്സ് ഒരു ഗോളിനു കോസ്മോസിനേയും തോല്പിച്ചു.

വെള്ളിയാഴ്ച റെയിൽവ്വേ അത്താണിക്കൽ ബ്രദേഴ്സിനേയും [illegible] ജൂനിയർ ലീഡേഴ്സിനെയും നേരിടും.

ഉറൂസ് ആരംഭിച്ചു

കോഴിക്കോട്: പരപ്പിൽ ശൈഖ് ശാദുലി പള്ളിയിലെ ശൈഖ് ശാദുലി തങ്ങളുടെ ഉറൂസ് ബുധനാഴ്ച കെ. ടി. മുഹമ്മദ് മുസ്ലിയാർ (കിണാശ്ശേരി മുദരീസ്) കൊടി കയററിയതോടെ ആരംഭിച്ചു. വ്യാഴാഴ്ച മൗലീദ് പാരായണം ഉണ്ടായി. അന്നദാനത്തോടുകൂടി പരിപാടി അവസാനിക്കും. ഉറൂസിനോടനുബന്ധിച്ചു മതപ്രസംഗ പരമ്പര ഉണ്ടായിരുന്നു.

സുവോളജി എം.എസ്സി. പരീക്ഷാഫലം

കോഴിക്കോട്: കാലിക്കററ് യൂനിവേഴ്സിററി 1984 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ അവസാന വർഷ സുവോളജി എം. എസ്. സി. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

സബ്ബ്വേ യാത്രക്കാർ ഇരുട്ടിൽ തപ്പുന്നു

കോഴിക്കോട്: പാളയം സബ്ബ്വേയിലെ യാത്രക്കാർ ഇരുട്ടിൽ തപ്പിത്തടഞ്ഞാണ് സഞ്ചരിക്കുന്നതു്. ഇവിടെയുള്ള 22 ബൾബുകളിൽ കത്തുന്നവ നാലെണ്ണം മാത്രമായുള്ളു. എമർജൻസി ലൈററു പോലും കത്തുന്നില്ല. ട്യൂബ് ലൈററുകൾ കത്താതായിട്ട് നാളുകളേറെയായി.

ഇതു കാരണം നട്ടുച്ചയ്ക്കു പോലും യാത്രക്കാർ വിഷമിച്ചാണ് നീങ്ങുന്നതു്. അന്തി മയങ്ങിയാലത്തെ സ്ഥിതി പറയുകയും വേണ്ട. സബ്ബ്വേയിലെ ഗ്ലെയിസ്ഡ് ടൈൽസ് പലതും അടർന്നു പോയിട്ടുണ്ട്. ഇവ സ്ഥാപിക്കുന്നതിനുള്ള നടപടി തുടങ്ങിക്കഴിഞ്ഞിട്ടുണ്ടത്രെ.

മോഷണവും

ഇവിടെയുള്ള സിഗ്നൽ സിസ്റ്റത്തിലെ ചില സാധനങ്ങൾ ഇടക്കിടെ കാണാതാവുന്നതു് നിത്യസംഭവമായിരിക്കയാണ്. ഏതാനും ദിവസം മുമ്പ് ഒരു പിസ്റ്റൺ കാണാതായി. ചൊവ്വാഴ്ച രണ്ടു നട്ടുകളും കാണാതായി. ഇതിന്നകത്ത് വിലപിടിപ്പുള്ള അതിസൂക്ഷ്മ ഉപകരണങ്ങളാണുള്ളതു്.

ഇവ മോഷ്ടിക്കാനുള്ള ശ്രമമാണോ നട്ടു് കളവു ചെയ്തതിന്റെ പിന്നിലുള്ളതെന്ന് പലരും സംശയിക്കുന്നു. സിഗ്നൽ ലൈററുകൾ മുഴുവൻ പ്രകാശിക്കാൻ 34 ബൾബുകൾ വേണം. ഇവയിൽ പലതും ഇടക്കിടെ ഫ്യൂസാകുന്നതു് കൊണ്ട് കണ്ണ് മിഴിക്കാറില്ല.

വിവാഹം

മാങ്കാവ്: പനങ്ങാട്ട് കണ്ടക്കുട്ടിയുടെ മകൻ വിശ്വനാഥനും മേപ്പറമ്പത്ത് കൃഷ്ണന്റെ മകൾ സൗമിനിയും തമ്മിലും, കണ്ടക്കുട്ടിയുടെ മകൻ പീതാംബരനും ചെറിയത്ത് സാമിക്കുട്ടിയുടെ മകൾ പ്രേമലതയും തമ്മിലും ചാലപ്പുറം ഭജനകോവിലിൽ വിവാഹിതരായി.

വീട്ടിൽ കള്ളൻ കടന്നു

കോഴിക്കോട്: രണ്ടു ദിവസം വീട് അടച്ച് പൂട്ടി പോയി മടങ്ങി വന്നപ്പോഴേക്കും പന്നിയങ്കരയിലെ ഒരു വീട്ടിൽ നിന്നു തുണിത്തരങ്ങളും, പാത്രങ്ങളും കളവു പോയി. വി. രാമചന്ദ്രന്റെ 'രാജശ്രീ'യിൽ ഇതിനു മുമ്പും കള്ളന്മാരുടെ ശല്യമുണ്ടായിരുന്നത്രെ. ഇത്തവണ വീട്ടിന്റെ ഫ്രണ്ട്ഡോർ കുറിച്ചാണ് അകത്തു കടന്നത്. പന്നിയങ്കര പൊലീസിൽ ഇതുസംബന്ധിച്ച് പരാതിപ്പെട്ടിട്ടുണ്ട്.

മനുഷ്യനവീകരണം മതബോധത്തിലൂടെ വേണം

സ്റ്റാഫ് റിപ്പോർട്ടർ

കോഴിക്കോട്: ആത്മവിജ്ഞാനത്തിൽ അധിഷ്ഠിതമായ മതബോധത്തിലൂടെ മനുഷ്യ നവീകരണം നടത്താൻ സമന്വയ കേരള ആത്മവിദ്യാസംഘം പ്രസിഡണ്ടും സർവ്വോദയനേതാവുമായ ടി.വി. അനന്തൻ ജനനേതാക്കളെ ഉൽബോധിപ്പിച്ചു.

ആത്മവിദ്യാസംഘം സ്ഥാപകാചാര്യനായ വാഗ്ഭടാനന്ദ ഗുരുദേവന്റെ 45—ാം സമാധി ദിനാചരണത്തോടനുബന്ധിച്ച് മലബാർ മേഖലയിലെ ആത്മവിദ്യാ സംഘം ശാഖകളുടെ സംയുക്താഭിമുഖ്യത്തിൽ വ്യാഴാഴ്ച കാരപ്പറമ്പിലെ തത്വപ്രകാശികാശ്രമത്തിൽ നടന്ന സമ്മേളനത്തിൽ അദ്ധ്യക്ഷപ്രസംഗം ചെയ്യുകയായിരുന്നു അദ്ദേഹം.

പ്രതിനിധികൾ കാലത്തു ഗുരുദേവ സമാധിയിൽ പ്രാർത്ഥന നടത്തിയതോടെയാണ് സമാധിദിന ചടങ്ങുകൾ ആരംഭിച്ചത്. സംഘാദ്ധ്യക്ഷൻ ആത്മവിദ്യാ പതാകയുയർത്തി. സംഘം ജനറൽ സിക്രട്ടറി ധർമ്മരാജ് കാളൂർ സ്വാഗതം പറഞ്ഞു. ഇന്ദിരാഗാന്ധിയുടെ സ്മരണയ്ക്കു സമ്മേളനം ആദരാഞ്ജലികൾ അർപ്പിച്ചു. സംഘത്തിന്റെ രക്ഷാധികാരിയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈററി പ്രസിഡണ്ടുമായിരുന്ന പാലേരി കണാരൻ മാസ്റ്ററുടെ നിര്യാണത്തിൽ യോഗം അനുശോചിച്ചു.

വി.എസ്. ഹർഷവർദ്ധനൻ ''ആത്മവിദ്യ''യെക്കുറിച്ചുള്ള പാഠപ്രസംഗം നടത്തി. കെ. ഗോപാലൻ (അഴീക്കോട്), ഐ.പി. വാസു, കെ. അത്തമാൻ(കുന്ദമംഗലം) അവിടനല്ലൂർ ബാലകൃഷ്ണൻ, പി. ദാമോദരൻ നായർ)അവിടനല്ലൂർ), കെ. ഭാസ്കരൻ (കാരക്കാട്), സി.കെ. വൈദ്യർ (ഇരിങ്ങൽ) എന്നിവർ ചർച്ചയിൽ പങ്കെടുത്തു. കാരപ്പറമ്പ് സംഘം പ്രസിഡണ്ട് സുധാകരൻ കക്കട്ടമ്മൽ നന്ദി പറഞ്ഞു. വൈകുന്നേരം കാരപ്പറമ്പ് ആത്മവിദ്യാ സംഘത്തിന്റേയും വാഗ്ഭടാനന്ദ സ്മാരക ചർച്ചാവേദിയുടേയും സംയുക്താഭിമുഖ്യത്തിൽ പൊതു സമ്മേളനവുമുണ്ടായി.

കേരളത്തിൽ ആദ്ധ്യാത്മികതയുടെ പശ്ചാത്തലത്തിൽ ഭൗതിക ജീവിതത്തിന്റെ നവീകരണവും സാമൂഹ്യവിപ്ലവവും സാധിച്ച പുതിയ കാലഘട്ടത്തിന്റെ ആചാര്യനായിരുന്നു വാഗ്ഭടാനന്ദഗുരുദേവനെന്നും കാലിക്കററ് യൂനിവേഴ്സിററിയിലെ ഡോ. സി. പി. ശിവദാസ് അഭിപ്രായപ്പെട്ടു.

കാരപ്പറമ്പ് ആത്മവിദ്യാസംഘത്തിന്റേയും വാഗ്ഭടാനന്ദ സ്മാരക ചർച്ചാവേദിയുടേയും സംയുക്താഭിമുഖ്യത്തിൽ ചേർന്ന പൊതു സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ഡോ. ശിവദാസ്. ആത്മവിദ്യാസംഘം ജന. സിക്രട്ടറി ധർമ്മരാജ് കാളൂർ ആദ്ധ്യക്ഷ്യം വഹിച്ചു. സിദ്ധാർത്ഥൻ തിരുത്തിയാട്, വാഗ്ഭടാനന്ദഗുരുദേവ സ്മാരക ട്രസ്റ്റ് സിക്രട്ടറി ജോൺ ഓച്ചംതുരുത്ത്, എം. ആർ. ചോതാവൂർ, അഗസ്ത്യൻ പുനത്തിൽ എന്നിവർ പ്രസംഗിച്ചു.



കാൻഫെഡ് എംപ്ലോയീസ് കോൺഗ്രസ്സിന്റെ കോഴിക്കോട് യൂണിററ് കൺവീനർ കെ കൊച്ചുനാരായണൻ



സിമി കേരള സോണിന്റെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട എൻ. വി. എം. ഫസലുല്ല (അരീക്കോട്). സോണൽ സിക്രട്ടറി പി. മുഹമ്മദ് ഇസ്ഹാഖ് (കാലിക്കററ് യൂനി.)

ചാർജെടുത്തു

കോഴിക്കോട്: കോഴിക്കോട് അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജിയായി മൊയ്തു അഹമ്മദ് നിസ്സാർ ചാർജെടുത്തു.

ടി. എം. ബി. നെടുങ്ങാടി കലാമണ്ഡലം ചെയർമാൻ

തിരുവനന്തപുരം: കേരള കലാമണ്ഡലത്തിന്റെ ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് ബോർഡും പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവായി. ചെയർമാന്റേയും ജനറൽ കൗൺസിലിന്റേയും എക്സിക്യൂട്ടീവ്ബോർഡിന്റേയും കാലാവധി നവംബർ ഒന്ന് മുതൽ മൂന്ന് വർഷത്തേക്കായിരിക്കും.

ടി. എം. ബി. നെടുങ്ങാടി(കോഴിക്കോട്) ആണ് ചെയർമാൻ. ജനറൽ കൗൺസിലിൽ സി. ഹരിദാസ് എം.പി. കെ.എസ്. നാരായണൻ നമ്പൂതിരി എം.എൽ.എ. കെ. കെ. കുമാരപിള്ള (അമ്പലപ്പുഴ) കളർക്കോട് നാരായണൻനായർ (ആലപ്പുഴ) സി. മാധവക്കുറുപ്പ് (ചെറുതുരുത്തി) സാംസ്കാരികവകുപ്പ് ഡപ്യൂട്ടി സെക്രട്ടറി ജെ. കൃഷ്ണപിള്ള, കോട്ടയം സി. എം.എസ്. കോളേജിലെ മലയാളം പ്രൊഫസ്സർ അമ്പലപ്പുഴ രാമവർമ്മ, പി. ടി. നരേന്ദ്രമേനോൻ (ഒററപ്പാലം) കാർത്തികപ്പുള്ളി കുട്ടപ്പ പണിക്കർ വി. വി. ജോസഫ് എം.എൽ.എ. കേന്ദ്ര ഗവർമ്മേണ്ടിന്റെ വിദ്യാഭ്യാസ—സാംസ്കാരിക മന്ത്രാലയത്തിലെ സാംസ്കാരിക വകുപ്പ് ഡയറക്ടർ പി.എസ്. ശകുന്തള സംസ്ഥാനത്തെ അക്കാദമികൾ നോമിനേററ് ചെയ്യുന്ന ഓരോ പ്രതിനിധി എന്നിവരാണുള്ളതു്. എക്സിക്യൂട്ടീവ് ബോർഡിൽ ചെയർമാൻ ജനറൽ കൗൺസിൽ തിരഞ്ഞെടുക്കുന്ന വൈസ് ചെയർമാൻ കെ. കെ. കുമാരപിള്ള (അമ്പലപ്പുഴ) സി. ഹരിദാസ് എം.പി. എന്നിവർക്കു പുറമെ ജനറൽ കൗൺസിൽ തിരഞ്ഞെടുക്കുന്ന ഒരാളും ഉണ്ടായിരിക്കും.

സുമയുടെ മരണം പോഷകാഹാരക്കുറവ് മൂലമല്ല

കോഴിക്കോട്: പോഷകാഹാരക്കുറവുമൂലം ഉള്ള അസുഖത്താലാണ് വെള്ളിമാട്കുന്ന് ബാലമന്ദിരത്തിലെ സുമ മരണപ്പെട്ടതെന്ന ആരോപണം അടിസ്ഥാനരഹിതമാണെന്ന് ബാലഭവൻ സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ച സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശകസമിതി അംഗം അഡ്വ. ആനന്ദകനകം പറഞ്ഞു.

ജയിൽവകുപ്പിൽ നിന്നു് അനുവദിക്കുന്ന ഭക്ഷ്യവസ്തുക്കൾ വേണ്ടത്ര പോഷകമൂല്യമുള്ളതാണ്. ഇടക്ക് അല്പം വിട്ടുനിന്നെങ്കിലും സുമ ഏഴ് വർഷമായി ഇവിടെ താമസിക്കുന്നു. സ്പോർട്സിൽ മിടുക്കിയായ ഈ പെൺകുട്ടി ഒട്ടേറെ സമ്മാനങ്ങൾ നേടിയിട്ടുണ്ട്. സുമയുടെ രണ്ട് അനുജത്തിമാരും—ബീന (12) ബിന്ദു (9) —ഇവിടെ അന്തേവാസികളാണ്.

നവംബർ 5—ന്ന് പതിവുപോലെ സ്കൂൾ വിട്ടുവന്ന സുമ ചായക്കുശേഷം കൂട്ടുകാരോടൊപ്പം കളിച്ച് വൈകീട്ട് തലവേദന വന്നപ്പോൾ മരുന്നു പുരട്ടി. പതിവുപോലെ പ്രാർത്ഥനയും പഠിപ്പും കഴിഞ്ഞു 9 മണിക്ക് ഉറങ്ങി. രാത്രി 10 മണിക്ക് ഛർദ്ദിച്ചു. മററൊരസുഖവും കാണിച്ചില്ല. വീണ്ടും ഉറങ്ങി. പുലർച്ചെ അഞ്ചര മണിക്ക് എഴുന്നേൽക്കാൻ ബെല്ലടിച്ചപ്പോൾ സുമമാത്രം എഴുന്നേററില്ല. സുഖമില്ലാത്തതുകൊണ്ടാവും എഴുന്നേൽക്കാത്തതെന്നു കരുതി. തളർന്നു കിടക്കുകയായിരുന്ന സുമയുടെ ശരീരത്തിൽ ചൂടുണ്ടായിരുന്നുവത്രെ. പിന്നീട് സൂപ്രണ്ടും മററും വന്ന് ടാക്സി വിളിച്ച് സുമയെ മെഡി. കോളേജ് ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. ഡോക്ടർമാർ സുമ മരിച്ചതായാണ് രേഖപ്പെടുത്തിയതു്. പോസ്റ്റ്മോർട്ടം റിപ്പോർട്ട് കിട്ടിയിട്ടില്ല.

അന്വേഷിക്കണം

ശേഖരൻനായരുടെ മകൾ സുമ വെള്ളിമാട് ബാലമന്ദിരത്തിൽ മരിക്കാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷിക്കണമെന്ന് യുവതരംഗ് ആവശ്യപ്പെട്ടു.

മതിൽ പൊളിച്ചുവെന്ന കേസ്: പ്രതികളെ വിട്ടു

കോഴിക്കോട്: പഞ്ചായത്ത് റോഡിൽ അനധികൃതമായി നിർമിച്ച മതിൽ പൊളിച്ചുമാററിയെന്നാരോപിച്ചുകൊണ്ട് എം. കരുണാകരൻ നായർ ഫയൽ ചെയ്ത സ്വകാര്യ അന്യായത്തിലെ പ്രതികളായ തലക്കുളത്തൂർ പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർ എൻ.പി. ഉമ്മർ, വൈസ് പ്രസിഡണ്ട് എം. അപ്പുക്കുട്ടൻ അടിയോടി എന്നിവരെ കോഴിക്കോട് അഡീഷണൽ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ട് ആൻറണി മൊറെയ്സ് കുററക്കാരല്ലെന്നു കണ്ടു വിട്ടയച്ചു.

കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ നിയന്ത്രണനിയമം ബാധകമാക്കിയ തലക്കുളത്തൂർ പഞ്ചായത്തിലെ പുറക്കാട്ടിരി—പുതുക്കോട്ടിൽകടവ് റോഡിൽ അനധികൃതമായി നിർമ്മിച്ച മതിൽ പൊളിച്ചു മാററാൻ നൽകിയ നോട്ടീസ് പ്രകാരം പ്രവർത്തിക്കാത്തതുകൊണ്ട് പഞ്ചായത്ത്, പൊലീസ് സഹായത്തോടെ 1983 ജനവരി 20—ാംനു മതിൽ പൊളിച്ചു മാററിയിരുന്നു. ഇതിനെതിരായിട്ടാണ് കരുണാകരൻ അന്യായം ഫയൽ ചെയ്തത്.

ഇന്നത്തെ പരിപാടി

കോഴിക്കോട് ഗാന്ധിഗൃഹം കേളപ്പൻ സ്മാരക ഓഡിറേറാറിയം: കോഴിക്കോട് പൗരസംഘത്തിന്റെ ആഭിമുഖ്യത്തിൽ കെ. പി. കേശവമേനോൻ സ്മാരക പ്രഭാഷണം—പ്രൊഫ. സുകുമാർ അഴീക്കോട്, അദ്ധ്യക്ഷൻ കാലിക്കററ് യൂനിവേഴ്സിററി വൈസ് ചാൻസലർ ടി. എൻ. ജയചന്ദ്രൻ—വൈകുന്നേരം 5.30.

കണ്ണൂർ റോഡ് ശ്രീനാരായണ മിഷൻ മന്ദിരം: ശ്രീനാരായണ മിഷന്റെ ആഭിമുഖ്യത്തിൽ ഇന്ദിരാഗാന്ധിയുടെ നിര്യാണത്തിൽ അനുശോചിക്കാൻ യോഗം. വൈകുന്നേരം 3 മണി.

ഈസ്റ്റ് കല്ലായി ജനതാ ജില്ലാ കമ്മിററി ഓഫീസ്: യുവജനത ജില്ലാ ഭാരവാഹികളുടെയും, മണ്ഡലം പ്രസിഡണ്ടുമാരുടെയും, സംയുക്തയോഗം—വൈകുന്നേരം 3 മണി.

കൊമ്മേരി പുവങ്ങൽ അയ്യപ്പ ക്ഷേത്രത്തിൽ പണി പൂർത്തിയായ പതിനെട്ടാം പടിയുടെ ശുദ്ധികലശം, രക്ഷസ്സിനെ മാററി പ്രതിഷ്ഠിക്കൽ എന്നീ കർമ്മങ്ങൾ ഒന്നാം ദിവസം. പുലർച്ചേ ഗണപതി ഹോമം, പശുദാനം, പുണ്യാഹം, അത്ഭുത ശാന്തി, സ്ഥലശുദ്ധി, വാസ്തുബലി.

ശ്രീനാരായണ സെൻറിനറി ഹാൾ: പാലക്കാട് ആർഷ വിദ്യാമന്ദിര സ്ഥാപകാചാര്യൻ സദാനന്ദ സരസ്വതി സ്വാമിജിയുടെ ഗീതാജ്ഞാനയജ്ഞം. (ഗീത മൂന്നാമദ്ധ്യായം) വൈകുന്നേരം 6 മണി. രാവിലെ 7 മണി മുതൽ 8 മണി വരെ മുകുന്ദമാല.

വൈ. എം. സി. എ ഹാൾ: പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ നിര്യാണത്തിൽ അനുസ്മരണ യോഗം— വൈകുന്നേരം 6 മണി.

കടക്കാടൻ ടൂറിസ്റ്റ് ഹോം: കേരള എൻ ജി ഒ അസോസിയേഷൻ കോഴിക്കോട് സിററി സൗത്ത് ബ്രാഞ്ച് ജനറൽ ബോഡി—വൈകുന്നേരം 3.30.

കെ. ജി. ടി. എ. ഓഫീസ്: അദ്ധ്യാപക സർവ്വീസ് സംഘടന ഐക്യ സമര സമിതി ജില്ലാ കമ്മിററി യോഗം—വൈകുന്നേരം 5.30.

മുക്കം—പൊററശ്ശേരി: മുഹമ്മദ് അബ്ദു റഹിമാൻ സാഹിബ്ബ് അന്തരിച്ച സ്ഥലത്തു നിന്നു കോഴിക്കോട് സ്വാതന്ത്ര്യ സമര രക്തസാക്ഷിമണ്ഡപത്തിലേക്ക സർവ്വമത ശാന്തിയാത്ര രാവിലെ 8 മണിക്ക ആരംഭിച്ചു വൈകുന്നേരം 6 മണിക്ക കോഴിക്കോട്ടെത്തും.

സാമ്പത്തിക കുററങ്ങൾക്ക് കൊച്ചിയിൽ പുതിയ കോടതി

കൊച്ചി: മാർക്ക് തട്ടിപ്പ കേസ്സുകൾ വിചാരണ ചെയ്യുന്ന കോടതിയുടെ ആസ്ഥാനം കൊച്ചിയിൽ നിന്നു് തിരുവനന്തപുരത്തേക്ക് മാററിക്കൊണ്ട് ഹൈക്കോടതി ഉത്തരവായി. സാമ്പത്തിക കുററങ്ങൾ വിചാരണ ചെയ്യുന്നതിന്നായി കേരളമൊട്ടാകെ അധികാര പരിധിയുള്ള ഒരു പ്രത്യേക കോടതി കൊച്ചിയിൽ നവംബർ 23—ാംനു യോടെയെങ്കിലും പ്രവർത്തനം ആരംഭിക്കണമെന്നും ഹൈക്കോടതി തീരുമാനിച്ചിട്ടുണ്ട്.

കഴിഞ്ഞ വർഷം ആദ്യത്തോടെയാണ് മാർക്ക് കേസ്സുകൾ വിചാരണ ചെയ്യുന്ന അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി ഇവിടെ തുടങ്ങിയത്. തിരുവനന്തപുര

കാലിക്കററ് സർവ്വകലാശാലയുടെ എം.എസ്.സി. ബോട്ടണി പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ് വിദ്യാർത്ഥിനി വി. ഇ. എ. ഖദീജത്തുൽ കുബ്ര

വികലാംഗരെ സ്ഥിരപ്പെടുത്തുന്നു

കോട്ടയം: കഴിഞ്ഞ 16 വർഷങ്ങൾക്കുള്ളിൽ പലഘട്ടങ്ങളിലായി ഒരു വർഷം ഗവർമ്മെണ്ട് സർവ്വീസിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള [illegible]വൻ വികലാംഗരേയും സർവ്വീസിൽ സ്ഥിരപ്പെടുത്തും. ഇതുസംബന്ധിച്ച് ഗവർമ്മെണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇങ്ങനെ പല ഘട്ടങ്ങളിലായി ഒരു വർഷം പൂർത്തിയാക്കിയ വികലാംഗർഅവസാനം കിട്ടിയ വിടുതൽ സർട്ടിഫിക്കററ് സഹിതം ഏററവും ഒടുവിൽ ജോലി ചെയ്തിരുന്ന സ്ഥാപനത്തിലെ ഇപ്പോഴത്തെ മേലാധികാരിയെ സമീപിക്കണം. ഇതുസംബന്ധിച്ച ഗവർമ്മെണ്ട് ഉത്തരവിന്റെ കോപ്പിയും മററു വിശദ വിവരങ്ങളും കെ. കെ. അപ്പുക്കുട്ടൻ ജനറൽ സെക്രട്ടറി വികലാംഗ അസോസിയേഷൻ കോട്ടയം എന്ന വിലാസത്തിൽ ആവശ്യപ്പെട്ടാൽ ലഭിക്കുമെന്നു് സെക്രട്ടറിയുടെ അറിയിപ്പിൽ പറയുന്നു.

ന്നത്തെ സിനിമ

കോഴിക്കോട്

ൺ: THE NUDE BOMB 3.15, 6.30, 9.30

ാധ: ചരിത്രനായകൻ (തമിഴ്) ിവാജി പ്രഭു, രാധ —3 കളി

കോറണേഷൻ: മാവാലി (ഹിന്ദി) ിതേന്ദ്ര, ശ്രീദേവി, ജയപ്രദ 3കളി

പ്സരാ: രാധയുടെ കാമുകൻ—സുക ാരൻ, സീമ 3 കളി

ഡവിസൺ: പറന്നു് പറന്നു് പറന്നു് —3കളി

ുഷ്പ: കിളിക്കൊഞ്ചൽ (കളർ) മോഹൻലാൽ—2.30, 6.30, 9.30

ംഗം: എനക്കും ഒരുവൻ (തമിഴ്) കമലഹാസൻ 2.30, 6.15 9.30

ീത: ഒരു തെററിന്റെ കഥ—നസീർ ്രീവിദ്യ 3 കളി

ൃഡയമണ്ട്: മൈഡിയർ കുട്ടിച്ചാത്തൻ 3D 1.00, 3.30·6.30, 9.30

ൃക: തിരകൾ (കളർ) മോഹൻലാൽ ീമ, മേനക 3 കളി

ശൽക്: നേതാവ്—സുകുമാരൻ രതീഷ് സീമ 3 കളി

ക്ഷ്മി: മുന്താണൈ മുടിച്ച് (തമിഴ് കളർ) ഉർവ്വശി, ഭാഗ്യരാജ് —3 കളി

ീല: മുത്തോടുമുത്ത് ശങ്കർ, ശാലിനി മേനക 3 കളി

ന്ദ്ര: അർച്ചനടീച്ചർ—മധു, സീമ 3 കളി

ബപ്പൂർ—ഷാജി: കുയിലിനെ തേടി— മോഹൻലാൽ രോഹിണി 3 കളി

പാക്കണ്ണ്—ഗീത: ബുള്ളററ് ബാലൻ ക. നായർ, രതീഷ്, പപ്പു 3കളി

ിഞ്ചന്ത—രാജ: കൂടെവിടെ മമ്മൂട്ടി, ുഹാസിനി —3 കളി

ല്ലൂളം ബസാർ—ഗിരീഷ്: ആട്ടക്കലാശം—നസീർ, ലക്ഷ്മി . 3 കളി

ാത്തോട്ടം—വിജിത്ത്: ഈ യുഗം (കളർ) നസീർ, ശ്രീവിദ്യ 3കളി

ാട്ടൂർ—ഭീമ: തിരകൾ മോഹൻലാൽ ീമ 3 കളി

പുതുവയൽ—അലങ്കാർ: ഒന്നും മിണ്ടാത്ത ഭാര്യ (കളർ)സുകുമാരൻ, ജലജ

ാമിക്കോട്ടൂർ—അഭിലാഷ്: നിരപരാധി—മോഹൻരാജ്, മാധവി 3 കളി

ഫറോക്ക്—പ്രീതി: സന്ദർഭം (കളർ) മമ്മൂട്ടി സരിത സീമ 3 കളി

ാരാട്—മഞ്ജുള: കർത്തവ്യം—മധു 6.30

ചുറവണ്ണൂർ—സ്വപ്ന: അന്ധാകാനൂൻ (ഹിന്ദികളർ) അമിതാബച്ചൻ3കളി

ാമനാട്ടുകര—ബാലകൃഷ്ണ: കൊടുങ്കാററ് നസീർ, മധു, മമ്മൂട്ടി 3കളി

ുമംഗലം—സിന്ധു: ഒന്നാണ് നമ്മൾ മമ്മൂട്ടി, പൂർണ്ണിമ 3കളി

ാത്തമംഗലം—ധന്യ: രേഖ (കളർ) മാധവി, അംബിക, ശ്രീനാഥ് 3കളി

ുക്കം—അഭിലാഷ്: ഗായത്രി(തമിഴ്) രജനീകാന്ത്, ശ്രീദേവി 3 കളി

ിരുവമ്പാടി—ഹാരിസൺ: ശപഥം സുകുമാരൻ, രതീഷ്, ശ്രീവിദ്യ

ഞ്ഞാലിശ്ശേരി — ഉർവ്വശി: കാററത്തെ കിളിക്കൂട് (കളർ) ഗോപി 3കളി

ുള്ളിക്കൽ—ത്രിവേണി: ആയിരം അഭിലാഷങ്ങൾ—മമ്മൂട്ടി, മേനക 3കളി

ാലക്കുളത്തൂർ—ഷർമിള: ഹലോ മദ്രാസ് ഗേൾ—ശങ്കർ, പൂർണ്ണിമ, പപ്പു

ുള്ളൂർ—രോഷ്ണി: ഇടവേളക്കു ശേഷം (കളർ) മധു, ശ്രീവിദ്യ —3കളി

ിത്തോളി—എ.ആർ.: NH-47(കളർ) ുകുമാരൻ, ജലജ

ാക്കോടി—ജയശ്രീ: കാററത്തെ കിളിക്കൂട് മോഹൻലാൽ ശ്രീവിദ്യ 3കളി

ിയ—ആട്ടക്കലാശം: (കളർ) നസീർ മോഹൻലാൽ, ലക്ഷ്മി 3 കളി

ചെളന്നൂർ—സജ്ന: ഡിസ്കോ ഡാൻസർ മിഥുൻ ചക്രവർത്തി —3 കളി

ാലുശ്ശേരി—സന്തോഷ്: മണിത്താലി നസീർ, മമ്മൂട്ടി, സീമ 3 കളി

ോത്: ചമ്പൽറാണി 3 കളി

ൂരാലിൻ—അജയ്: മണിയറ—മമ്മൂട്ടി, സീമ 3 കളി

റ്റുവണ്ണൂർ—ജ്യോതി: രക്ഷസ്സ്—സുകുമാരൻ സീമ

ഒററനോട്ടത്തിൽതന്നെമൃതദേഹം ജോളിയുടേതെന്നു മനസ്സിലായി

സ്വന്തം ലേഖകൻ

കോട്ടയം: ഏപ്രിൽ 26—ാംനു കൈതയിൽ സണ്ണിയുടെ പുരയിടത്തിലെ ഉപയോഗശൂന്യമായ കിണററിൽ നിന്ന് ശവം പുറത്തെടുത്തപ്പോൾ ഒററനോട്ടത്തിൽ തന്നെ അതു തന്റെ മകൾ ജോളിയുടേതാണെന്നു മനസ്സിലായതായി മൂന്നാം സാക്ഷിയും ജോളിയുടെ പിതാവുമായ കഴിമററം തോട്ടത്തിൽ കെ. പി. മാത്യു കോട്ടയം ഡിസ്ട്രിക്ട് ആൻറ് സെഷൻസ് ജഡ്ജ് എ. ആർ. വിജയൻ മുമ്പാകെവ്യാഴാഴ്ച മൊഴിനൽകി.

മൃതദേഹം ചീർത്തു തൊലി പോയ നിലയിൽ ആയിരുന്നെങ്കിലും തിരിച്ചറിയാൻ പ്രയാസമുണ്ടായിരുന്നില്ലെന്ന് സാക്ഷി അറിയിച്ചു. കരയ്ക്കെടുത്തപ്പോൾ മൃതദേഹത്തിൽ ആഭരണങ്ങളൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ വലതു കയ്യിൽ വാച്ചുണ്ടായിരുന്നു.

ജോളി ധരിച്ചിരുന്ന താരാ ഫാഷനിലുള്ള മാല ചിങ്ങവനത്തു ദാമോദരൻ ആചാരിയെക്കൊണ്ടു പണിയിച്ചതാണ്. ഉദ്ദേശം പത്തു വർഷം മുമ്പാണ് റിങ്ങ്സ് വാങ്ങിയത്. എസ്. എസ്.എൽ.സി. പരീക്ഷയ്ക്കു ഫസ്റ്റ് ക്ലാസ് കിട്ടിയപ്പോൾ ആണ് സന്തോഷസൂചകമായി വാച്ച് വാങ്ങിക്കൊടുത്തത്.

രണ്ടും മൂന്നും പ്രതികൾക്ക വേണ്ടി എം. തോമസ്സാക്ഷിയെ വിസ്തരിച്ചു. ഏപ്രിൽ 23—ാംനു ഉച്ചയ്ക്കു ജോളിയും ഗവ. കോളേജിലെഫിസിക്സ് അദ്ധ്യാപികയായ ശ്രീദേവിയും ഒരുമിച്ച് കോളേജ് സ്റ്റോപ്പിൽ നിന്നു് സെൻറ്മേരീസ് ബസ്സിൽ കയറുന്നതു താൻ കണ്ടതായി ജോളിയുടെ സഹപാഠിയായിരുന്ന ഒൻപതാം സാക്ഷി സുനില കോടതിയെ അറിയിച്ചു. അന്നു രാത്രി ജോളിയുടെ ബന്ധുക്കൾ തന്റെ വീട്ടിൽ വന്നപ്പോൾ ആണ് അവൾ കാണാനില്ലെന്ന വിവരം അറിഞ്ഞത്. കോളേജ് ബസ് സ്റ്റോപ്പിൽ വെച്ചു താൻ അവസാനമായി ജോളിയെ കാണുമ്പോൾ മാലയും റിങ്ങ്സും വാച്ചും ധരിച്ചിരുന്നതായി സുനില അറിയിച്ചു. ഒന്നാം പ്രതി ഫാദർ ജോർജ് ചെറിയാനെ താൻ അറിയുമെന്ന് സാക്ഷി പറഞ്ഞു.

1985-ലെ
മാതൃഭൂമി
കലണ്ടറും ഡയറിയും
തയ്യാറായി വരുന്നു
നീങ്ങളുടെ കോപ്പിക്ക് അടുത്തുള്ള മാതൃഭൂമി
ഏജൻറിനെ ഏൽപ്പിക്കുക

കലാപത്തിനിരയായവർ വീട്ടിലേക്ക് മടങ്ങുന്നു

പ്രത്യേക ലേഖകൻ

ന്യൂഡൽഹി: ദൽഹി സാധാരണ നി യിലേക്ക് നീങ്ങുകയാണ്. വിവി ദുരിതാശ്വാസ ക്യാമ്പുകളിൽ താമ ിച്ചിരുന്നവർ വീടുകളിലേക്ക് തി ച്ചു പോകാൻ തുടങ്ങിയിട്ടുണ്ട്.

ലഹളക്കിരയായ ജനവിഭാഗങ്ങൾ ് ആത്മവിശ്വാസം നൽകാനായി വരുടെ വീടുകളുള്ള പ്രദേശങ്ങളിലെ ം സൈന്യത്തെ നിയോഗിക്കുമെന്നു രസേനയുടെ ദൽഹി ജി.ഒ.സി. ജർ ജനറൽ ജെ. എസ്. ആൻവാം ്യാഴാഴ്ച പത്രലേഖകരോട് പറഞ്ഞു. ലസ്ഥാനത്തെ ക്രമസമാധാന നില ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ടെന്നും അനുയോജ്യമായ മനശ്ശാസ്ത്രപരമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ് ഇപ്പോഴത്തെ ആവശ്യമെന്നും അദ്ദേഹം പറഞ്ഞു. സൈന്യത്തെ നിയോഗിച്ചതും സൈനിക പട്രോൾ ഊർജ്ജിതപ്പെടുത്തിയതും ഈ അന്തരീക്ഷം സൃഷ്ടിക്കുവാൻ സഹായിക്കുമെന്ന് അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു.

മോഷ്ടിക്കപ്പെട്ട വസ്തുക്കൾ വൻതോതിൽ വീണ്ടെടുത്തതാണ് വ്യാഴാഴ്ചത്തെ പ്രത്യേകതയെന്ന് മേജർ ജനറൽ വെളിപ്പെടുത്തി. ജനക്പുർ, ഭോഗൽ, അസ്രം എന്നീ സ്ഥലങ്ങളിൽ നിന്നു് വീണ്ടെടുത്ത ഒരു ട്രക്ക്നിറയെ സാധനങ്ങൾ അധികൃതരെ ഏല്പിച്ചിട്ടുണ്ട്. തെക്കൻ ദൽഹിയിൽ നിന്നും 200 കുടുംബങ്ങളെ സൈന്യം കൂടുതൽ സുരക്ഷിതമായ സ്ഥലത്തേക്ക നീക്കിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

ജമ്മുകാശ്മീർ, ഹിമാചൽപ്രദേശ്, പ. ബംഗാൾ, ഹരിയാന മധ്യപ്രദേശ്, ഉത്തർപ്രദേശ്, എന്നീ സംസ്ഥാനങ്ങളിലും അനിഷ്ടസംഭവങ്ങളൊന്നുമില്ലെന്ന് മേജർ ജനറലിനോടൊപ്പമുണ്ടായിരുന്ന മററ് സൈനിക മേധാവികൾ വെളിപ്പെടുത്തി.

അധികൃതർ ആഗ്രഹിക്കുന്നപക്ഷം ദൽഹിയിലെ കർഫ്യൂവിൽ ഇനിയും ഇളവ് വരുത്താമെന്ന് അവർ അഭിപ്രായപ്പെട്ടു. ദൽഹിയിൽ നടന്ന ലഹളക്ക്, വർഗീയ കലാപത്തേക്കാളേറെ വർഗപരമായ ലഹളയുടെ സ്വഭാവമാണ് ഉണ്ടായിരുന്നതെന്ന് മേജർ ജന. ആൻവാം പറഞ്ഞു.

പ്രതിപക്ഷയോഗം മദിരാശിയിൽ

മദിരാശി: രാഷ്ട്രത്തിലെ സ്ഥിതിഗ ികൾ വിലയിരുത്താൻ 14 അംഗ പ്ര ിപക്ഷ കക്ഷികളുടെ സഖ്യം നവം ർ 12ന് മദിരാശിയിൽ ചേരുന്നതാ ന്ന് ഡി.എം.കെ. പ്രസിഡണ്ട് രുണാനിധി അറിയിച്ചു.

അടുത്ത തെരഞ്ഞെടുപ്പിനു തയ്യാറെടു ാൻ വെള്ളിയാഴ്ച ഡി.എം.കെ. ിർവ്വാഹകസമിതി യോഗം ചേരുന്നു ്.

ഇന്ദിരയുടെ മരണം: 21 കാരൻ ആത്മഹത്യ ചെയ്തു

കുന്നംകുളം: ഇന്ദിരാഗാന്ധിയുടെ ണത്തെത്തുടർന്നുണ്ടായ ദുഃഖത്താൽ വല്ലൂർ തേരിയാട്ടിൽ വേലായുധ ന്റെ മകൻ ശിവശങ്കരൻ (21) ബുധ ാഴ്ച വിഷം കഴിച്ചു മരിച്ചു. ചാരായ ാപ്പ് തൊഴിലാളിയായ ഈ ചെറുപ്പ ാരൻ അവിവാഹിതനാണ്. കോ ്ഗ്രസ്—ഐ.യുടെ സജീവ പ്രവർ കനാണ് ശിവശങ്കരൻ.

ചിതാഭസ്മത്തിന്നു മുന്നിൽ വീണു മരിച്ചു

ഹൈദരാബാദ്: ഇന്ദിരാഗാന്ധിയു ചിതാഭസ്മം അടക്കം ചെയ്ത കുംഭം ശിക്കാൻ പോയ ഒരു എഴുപതുകാ , കുംഭം പൊതുദർശനത്തിനുവെച്ച റഫോമിനുമുന്നിൽവ്യാഴാഴ്ചബോ ഹിതനായി വീഴുകയും ആസ്പത്രി ൽ വെച്ച് മരിക്കുകയും ചെയ്തു.

എല്ലാവർക്കും അലോട്ട്മെൻറ്

തിരുവനന്തപുരം: ഭവന നിർമ്മാണ ബോർഡിന്റെ മുൻകൂർ റജിസ്ട്രേഷൻ പദ്ധതി പ്രകാരം വീട്—പ്ലോട്ട് എന്നിവക്കു വേണ്ടി കോഴിക്കോട് റീജ്യനിലെ പാലക്കാട്, കോഴിക്കോട് (മെഡിക്കൽ കോളേജിനു സമീപം) ഒററപ്പാലം, കണ്ണൂർ (തോട്ടട), കാസർകോട് (ചെങ്കള) എന്നീ കേന്ദ്രങ്ങളിൽ റജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാവർക്കും അലോട്ട്മെൻറിനു പ്രാരംഭമായുള്ള കത്തുകൾ അയച്ചു കഴിഞ്ഞു. ഇതുവരെ അറിയിപ്പു കിട്ടാത്തവർ ഭവന നിർമ്മാണ ബോർഡിന്റെ കോഴിക്കോട് റീജ്യണൽ എഞ്ചിനീയറുടെ ഓഫീസുമായി ബന്ധപ്പെടണം.

രാഷ്ട്രപതി പുട്ടപ്പർത്തിയിൽ വരുന്നില്ല

ഹൈദരാബാദ്: രാഷ്ട്രപതി സെയിൽസിങ്ങിന്റെ പുട്ടപ്പർത്തി പരിപാടി റദ്ദാക്കിയതായി ഇവിടെ ഔദ്യോഗികമായറിയിച്ചു.

നവംബർ 22, 23 തിയ്യതികളിൽ അദ്ദേഹം പുട്ടപ്പർത്തി സന്ദർശിക്കുമെന്നായിരുന്നു ആദ്യത്തെ പരിപാടി.

ചിതാഭസ്മം ഇന്ന് അലഹബാദിലേക്ക്

ന്യൂദൽഹി: ഇന്ദിരാഗാന്ധിയുടെ ചിതാഭസ്മം അടങ്ങിയ ഒരു കുംഭം വെള്ളിയാഴ്ച പ്രധാനമന്ത്രി രാജീവ് ഗാന്ധി അലഹബാദിലേക്ക് കൊണ്ടുപോകും. പ്രത്യേക വ്യോമസേനാ വിമാനത്തിൽ കുംഭം അലഹബാദിൽ എത്തിച്ച ശേഷം രാജീവ് ഗാന്ധി വെള്ളിയാഴ്ച തന്നെ മടങ്ങും.

നെഹ്റു കുടുംബത്തിന്റെ ജന്മഗൃഹമായ ആനന്ദ്ഭവനിൽ വെള്ളിയാഴ്ച മുഴുവനും ചിതാഭസ്മം പൊതുദർശനത്തിനു വെക്കും. ശനിയാഴ്ച പ്രത്യേക തീവണ്ടിയിൽ കുംഭം അമേത്തി, റായ്ബറേലി തുടങ്ങിയ സ്ഥലങ്ങളിലൂടെ തിരികെ കൊണ്ടു വരും.

ചരമം

അരവിന്ദഘോഷ്

കൽക്കത്ത: മാർക്സിസ്റ്റ് പാർട്ടി .പി.ആയ അരവിന്ദഘോഷ് 9) വ്യാഴാഴ്ച പുലർച്ചെ മസ്തിഷ്ക ബന്ധമായ രോഗംമൂലം അന്തരിച്ചു. മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാ കമ്മിററിയംഗവും, ഓൾ ഇന്ത്യാ ്ററ് ഗവർമ്മെണ്ട് എംപ്ലോയീ ് ഫെഡറേഷന്റെ വൈസ് പ്രസി ണ്ടുമായിരുന്നു പരേതൻ.

രാജഗോപാലഅയ്യങ്കാർ

മദിരാശി: സുപ്രീം കോടതിയി മുൻ ജഡ്ജിയായ ജസ്റ്റീസ് എൻ. ജഗോപാല അയ്യങ്കാർ (84) ഹൃദ്രോ മൂലം വ്യാഴാഴ്ചപുലർച്ചെഅന്തരിച്ചു. സ്റ്റ് കൗൺസിലിന്റെ ചെയർമാ ായും പരേതൻ സേവനമനുഷ്ഠിച്ചി ്ട്.

ദുർഗാദാസ് ഖന്ന

ചണ്ഡീഗഡ്: പഞ്ചാബ് ലജി ്ളേററീവ് കൗൺസിലിന്റെ മുൻ യർമാനും ഭഗത്സിങ്ങിന്റെ അ ത്ത അനുയായിയുമായിരുന്ന ദുർഗാ സ് ഖന്ന (75) അന്തരിച്ചു.

സി. പി. ശാരദാമ്മ

കോഴിക്കോട്: കല്ലുള്ളി പുലാപ്പ്രെ ാപാലമേനോന്റെ ഭാര്യ സി.പി. രദാമ്മ (85) വ്യാഴാഴ്ച കാലത്ത് കാവിലുള്ള സ്വവസതിയിൽ അന്ത ച്ചു.

മുഹമ്മദ്കോയ

ഫറോക്ക്: ചെറുവണ്ണൂർ സ്റ്റീൽ ാംപ്ലക്സ് തൊഴിലാളിയും സജീവ ാൺഗ്രസ്സ്—ഐ പ്രവർത്തകനുമായ ണ്ണൂർ നോർത്തിലെ ചക്കാലക്കൽ മു മ്മദ്കോയ (34) കോഴിക്കോട് ഡിക്കൽ കോളേജ് ആസ്പത്രിയിൽ ിര്യാതനായി.

ലക്ഷ്മി

കോഴിക്കോട്: കെ.എസ്.ആർ. . സി. ഇൻസ്പെക്ടർ കെ. ചന്ദ്രന്റെ മ്മ കട്ടംപൊയിൽ ലക്ഷ്മി (83) ്യാഴാഴ്ച നടക്കാവിലുള്ള വസതിയിൽ ന്തരിച്ചു. നടക്കാവിലെ വാച്ച്മേ ർ ബാലനടക്കം പരേതക്ക് ാലു് മക്കളുണ്ട്. ലതാ ഇലക്ട്രി ൽസ് ഉടമ ഭാസ്കരൻ, ലക്ഷദ്വീ ് ഉദ്യോഗസ്ഥൻ രാമൻഎന്നിവർ ാമാതാക്കളാണ്. ശവസംസ്കാരം വെള്ളിയാഴ്ച ാവിലെ 9 മണിക്ക് മാവൂർറോഡ് ശ്മശാനത്തിൽ നടക്കും.

സി. കുഞ്ഞിക്കണ്ണൻ

തലശ്ശേരി: പഴയകാല സോഷ്യലി ് പ്രവർത്തകനും ദിനേശ് ബീഡി ാഴിലാളിയുമായ സി. കുഞ്ഞിക്ക ൻ (59) കൊടുവള്ളിയിൽ അന്തരി . തലശ്ശേരി പബ്ലിക് സർവന്റ് ് കോ ഓപ്പറേററീവ് ബാങ്ക് സെ ട്ടറി സി.സി. അരവിന്ദാക്ഷൻ അട ം നാലു് മക്കളുണ്ട്.

കെ. മുഹമ്മദ്ഹസ്സൻ

തലശ്ശേരി: പുതിയ ബസ്സ്സ്റ്റാൻറി സമീപം കച്ചവടം ചെയ്യുന്ന സ്റ ർ സ്റ്റീൽ ഉടമസ്ഥൻ കെ. മുഹമ്മദ് സ്സൻ (52) അന്തരിച്ചു.

മമ്മദ്കുട്ടി എന്ന ചെറിയോൻ

നെടിയിരുപ്പ്: കറപ്പത്ത് സ്വദേ കൊടക്കാടൻ മമ്മദ്കുട്ടി എന്ന ചെ യോൻ (75) നിര്യാതനായി. കോ ക്കോട് ബ്ലോക്ക് ഓഫീസിലെ മോ ദ്ദീൻ, കുവൈത്തിൽ ജോലി ചെയ്യുന്ന ാസ്സീൻകുട്ടി, കൊണ്ടോട്ടി മാർക്കററി ് സൊസൈററിയിലെ അനസ്, ലാം മുഹമ്മദ് എന്നീ ആൺകുട്ടികളും ഞ്ച് പെൺ മക്കളുമുണ്ട്.

കൃഷ്ണ പിഷാരൊടി

തിരൂർ: പുറമുണ്ടേക്കാട്ട് പിഷാര ് കൃഷ്ണപിഷാരോടി (70) ഹൃദയസ്തം നം മൂലം സ്വവസതിയിൽ അന്തരിച്ചു രേതന് മൂന്ന് ആൺമക്കളും 2 പെൺ ക്കളുമുണ്ട്.

സുകുമാരൻ

പൊഴുതന: ടീ ഫാക്ടറി തൊഴിലാ ിയായ സുകുമാരൻ (28) രാമനാട്ടുകര ിലുള്ള വീട്ടിൽ ഹൃദയസ്തംഭനം മൂലം ന്തരിച്ചു.

വഹീദ

അഴീക്കോട്: കച്ചേരിപ്പാറയിലെ . ടി. അബ്ദുല്ലയുടെ പുത്രി വഹീദ ന്തരിച്ചു. അഴീക്കോട് ഹൈസ്കൂ ിലെ ഒമ്പതാം തരം വിദ്യാർത്ഥിനി ായിരുന്നു. സ്കൂളിന്ന് വ്യാഴാഴ്ച

കുഞ്ഞിതുമാസ്റ്റർ

മലപ്പുറം: മൈലപ്പുറം പള്ളി കമ്മിററി അംഗവും പൊതുകാര്യപ്രസക്തനുമായ കൊന്നോല കുഞ്ഞിതുമാസ്റ്റർ (65) അന്തരിച്ചു. മലപ്പുറം സർവ്വീസ് സഹകരണ ബാങ്ക് വൈസ് പ്രസിഡണ്ട് കെ. ആലി, സഊദി അറേബ്യയിലെ കെ. സുബൈർ, കെ. ഉസ്മാൻ എന്നിവരടക്കം അഞ്ച് ആൺമക്കളും അഞ്ചു പെൺമക്കളുമുണ്ട്.

ഇ.കെ. ബാലകൃഷ്ണൻ

തലശ്ശേരി: ബോംബെ മൊറാർജി മിൽസിലെ ഉദ്യോഗസ്ഥനായിരുന്ന ഇ. കെ. ബാലകൃഷ്ണൻ (72) തിരുവങ്ങാട്ട് അന്തരിച്ചു. വടകര ബാറിലെ കെ. വാസുദേവൻ റാഞ്ചി വിജയാ ബാങ്ക് മാനേജർ സി. പി. ശശിഭൂഷൺ എന്നിവർ ജാമാതാക്കളാണ്.

വീണുമരിച്ചു

കോട്ടൂര്: പുളീന്ന് കണ്ടി ചങ്ങരൻ (55) തെങ്ങിൽ നിന്ന് വീണുമരിച്ചു.

പത്തുലക്ഷത്തിന്റെ കള്ളക്കടത്ത് പിടിച്ചു

മദിരാശി: മദിരാശി കസ്റ്റംസ് അധികൃതർ പത്തുലക്ഷം രൂപയുടെ കള്ളക്കടത്തുവസ്തുക്കൾ പിടിച്ചെടുത്തു. അധികൃതരെ വെട്ടിച്ചു കടക്കാൻ ശ്രമിച്ച ഒരു വാൻ തടഞ്ഞു നിർത്തിയാണ് കള്ളക്കടത്തു വസ്തുക്കൾ പിടിച്ചെടുത്തത്. കള്ളക്കടത്തുകാർ വാൻ ഉപേക്ഷിച്ച് ഓടി രക്ഷപ്പെട്ടു. അഞ്ഞൂറ് കിലോഗ്രാം ടെററ്റാസൈക്ലിൻ പൗഡറും, ഒരു ലക്ഷം സിബ്ബുകളും, വീഡിയോകാസററ്റെക്കാർഡറുകളുമാണ് വാനിലുണ്ടായിരുന്നത്.

മരം ഈർച്ച ചെറുകിട മേഖലക്ക്

ന്യൂദൽഹി: മരം ഈർച്ച ചെറുകിട മേഖലയ്ക്കു മാത്രമായി സംവരണം ചെയ്തുകൊണ്ട് ഗവർമ്മേണ്ട് ഉത്തരവായി.

ചുഴലിക്കാററ്: മരണം 500ലേറെ

മാനില: ഫിലിപ്പൈൻസിന്റെ മദ്ധ്യഭാഗത്ത് ആഞ്ഞു വീശിയ ചുഴലിക്കാററിന്റെ ഫലമായി കൊല്ലപ്പെട്ടവരുടെ എണ്ണം അഞ്ഞൂറായി ഉയർന്നു. മാനിലയുടെ തെക്കേഭാഗത്തുള്ള പാനെ ദ്വീപിലെ കാപിസ് പ്രവിശ്യയിൽ 230 പേരെങ്കിലും മരിച്ചിട്ടുള്ളതായി കണക്കാക്കപ്പെടുന്നു. കൊല്ലപ്പെട്ടവരിൽ ഭൂരിപക്ഷവും കുട്ടികളാണ്. ദ്വീപിന്റെ തീരപ്രദേശങ്ങളിൽ ശക്തിയായ കടൽക്ഷോഭം അനുഭവപ്പെടുന്നുണ്ട്.

നയ്യാറുടെ പിൻഗാമി ആരെന്നു തീരുമാനമായില്ല

മാധവൻ കുട്ടി

ന്യൂദൽഹി:. ദക്ഷിണനാവിക കമാണ്ടിന്റെ പുതിയ മേധാവി ആരായിരിക്കണമെന്ന കാര്യത്തിൽ അവസാന തീരുമാനമൊന്നുമായിട്ടില്ല. ദക്ഷിണ കമാണ്ടിന്റെ മേധാവിയായിരുന്ന വൈസ് അഡ്മിറൽ കെ. കെ. നയ്യാറെ നാവിക സേനയുടെഉപമേധാവിയാക്കിയതിനെ തുടർന്നാണ് ഈ സ്ഥാനം ഒഴിവ് വന്നതു്.

ദൽഹിയിലെ നാവികസേനാ ഉപമേധാവി വൈസ് അഡ്മിറൽ ഖുറാനയുടേയും ബോംബെ ഫ്ളീററ് കമാണ്ടർ വൈസ് അഡ്മിറൽ മിർചന്ദാനിയുടേയും പേരാണ് പരിഗണനയിലുള്ളതു്.

വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം

തിരുവനന്തപുരം: ആദിവാസി കേന്ദ്രങ്ങളിലും മത്സ്യത്തൊഴിലാളിമേഖലയിലുമുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും സൗജന്യമായി ഉച്ചഭക്ഷണം നൽകാൻ വ്യാഴാഴ്ച ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു. രണ്ടു ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് ഇതുകൊണ്ട് ഗുണം കിട്ടുമെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ച മുഖ്യമന്ത്രി കെ. കരുണാകരൻ അറിയിച്ചു.

കഞ്ഞിയും പയറുമാണ് ഇതു പ്രകാരം നൽകുക. ആദിവാസി മത്സ്യത്തൊഴിലാളി കേന്ദ്രങ്ങളിൽ നിലവിലുള്ള കടുത്ത ദാരിദ്ര്യം കണക്കിലെടുത്താണ് ഈ നടപടി.

ഉദ്ഘാടനം 19-ാംനു

ഇന്ദിരയുടെ ജന്മദിനമായ നവം. 19—ാംനു ഉച്ചഭക്ഷണ പരിപാടി ഔപചാരികമായി ഉദ്ഘാടനം ചെയ്യും. ഡിസംബർ ഒന്നാകുമ്പോഴേക്കും എല്ലാ സ്കൂളുകളിലേക്കും ഇതു വ്യാപിപ്പിക്കും.

റിപ്പോർട്ട് അംഗീകരിച്ചു

വൈദ്യുതി മന്ത്രി ബാലകൃഷ്ണപിള്ളയുടെ പേരിൽ ഉണ്ടായ അഴിമതി ആരോപണങ്ങളെപ്പററി അന്വേഷിക്കാൻ നിയുക്തമായ ജാനകിയമ്മ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കാൻ മന്ത്രിസഭ തീരുമാനിച്ചു.

നിയമസഭ നിർത്തിവെക്കുന്ന കാര്യം പ്രതിപക്ഷങ്ങളുമായി ചർച്ച ചെയ്തിരുന്നു എന്നു മുഖ്യമന്ത്രി അറിയിച്ചു. പക്ഷെ ആ ചർച്ച അനൗദ്യോഗിക സ്വഭാവത്തിലുള്ളതായിരുന്നു. സാഹചര്യം കിട്ടാതിരുന്നതുകൊണ്ടാണ് ഔദ്യോഗിക ചർച്ച നടത്താൻ കഴിയാതെ വന്നതു്. ഏതായാലും ഇക്കാര്യത്തിൽ തനിക്കുള്ള ഖേദം മുഖ്യമന്ത്രി പ്രകടിപ്പിക്കുകയും ചെയ്തു.

ഇന്ദിരാഗാന്ധിയുടെ ചിതാഭസ്മം മുഖ്യമന്ത്രിയായിരിക്കും ദൽഹിക്കു തിരിച്ചുകൊണ്ടു പോകുന്നതു്. ''ഇതു ഔദ്യോഗിക പരിപാടിയാണ്, പാർട്ടി പരിപാടിയല്ല'' അദ്ദേഹം പറഞ്ഞു.

ബംഗാളിൽ സീററ് വിഭജനം പൂർത്തിയായി

കൽക്കത്ത: വരാനിരിക്കുന്ന ലോകസഭാ തെരഞ്ഞെടുപ്പുകളിലേക്ക് സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്ന കാര്യത്തിൽ മാർക്സിസ്റ്റ് പാർട്ടിയും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും ധാരണയിലെത്തി. ഇതോടെ ബംഗാളിലെ 42 സീററുകളുടേയും വിഭജനം പൂർത്തിയായി.

മിഡ്നാപൂർ സീററിനെ കുറിച്ചായിരുന്നു മാർക്സിസ്റ്റ് പാർട്ടിയും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും തമ്മിൽ തർക്കം. സീററ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വിട്ടു കൊടുക്കാമെന്ന് മാർക്സിസ്റ്റ് പാർട്ടി സമ്മതിക്കുകയാണുണ്ടായതു്. മാർക്സിസ്റ്റ് പാർട്ടി 31 സീററുകളിലും, ഫോർവേഡ് ബ്ലോക്ക്, ആർ.എസ്.പി എന്നീ പാർട്ടികൾ നാലുവീതം സീററുകളിലും, സി.പി.ഐ മൂന്നു സീററുകളിലും മത്സരിക്കും. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ് പാർട്ടി 28 സീററും, ആർ.എസ്.പി 4 സീററും, ഫോർവേഡ് ബ്ലോക്കും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും മൂന്നു വീതം സീററുകളും കോൺ—ഐ 4 സീററുമാണ് നേടിയതു്.

ഭർത്താവിന്റെ ചവിട്ടേറ്റ് ഭാര്യ ആശുപത്രിയിൽ

തളിപ്പറമ്പ്: നടുവിലിനടുത്ത പൊട്ടംപ്ലാവിലെ പുളിക്കൽ മേരിയെ (38) അടിച്ചും ചവിട്ടിയും പരിക്കേററ നിലയിൽ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. ഭർത്താവ് പുളിക്കൽ ജോസിന്റെ പേരിൽ പൊലീസ് കേസ് എടുത്തു. വിവാഹബന്ധം വേർപ്പെടുത്താൻ വിസമ്മതിച്ചതാണത്രെ കാരണം.

സിക്കുകാരുടെ സംരക്ഷണം ദേശീയ ഉത്തരവാദിത്വം

ന്യൂദൽഹി: സിക്ക സമുദായത്തിന്റെ സുരക്ഷിതത്വവും സംരക്ഷണവും ദേശീയ ഉത്തരവാദിത്വമാണെന്ന് പ്രധാനമന്ത്രി രാജീവ് ഗാന്ധി വ്യാഴാഴ്ച വ്യക്തമാക്കി. ഈ ഉത്തരവാദിത്വം നിറവേററുന്നതിൽ താൻ പ്രതിജ്ഞാബദ്ധനാണെന്ന് തന്നെ കാണാനെത്തിയ ഒരു സംഘം സിക്ക വ്യവസായികളോട് പ്രധാനമന്ത്രി പറഞ്ഞു.

അതേ സമയം, നിയമലംഘകരേയും വിഘടനവാദികളേയും മുഴുവൻ ശക്തിയുമുപയോഗിച്ച് നേരിടാൻ ഗവർമ്മേണ്ട് തീരുമാനിച്ചിട്ടുണ്ടെന്നും രാജീവ് വ്യക്തമാക്കി.

ഇന്ദിരാഗാന്ധിയുടെ വധത്തെ തുടർന്നുണ്ടായ കലാപത്തിൽ നാശനഷ്ടം പററിയവരെ പുനരധിവസിപ്പിക്കാൻ പെട്ടെന്നു തന്നെ നടപടികളെടുക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. വിവിധ സമുദായക്കാർ തമ്മിൽ മൈത്രിയോടെ കഴിയണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. രാജ്യസ്നേഹികളും മിതവാദികളുമായ സിക്കുകാരെ തീവ്രവാദികളും ഭീകരരും ഭീഷണിപ്പെടുത്തുന്ന ഇപ്പോഴത്തെ അവസ്ഥ നിർഭാഗ്യകരമാണെന്ന് രാജീവ്ഗാന്ധി വിശേഷിപ്പിച്ചു.

അക്രമം ഒഴിവാക്കുന്നതിനും രാഷ്ട്രത്തിന്റെ ഐക്യം ശക്തിപ്പെടുത്തുന്നതിനും തങ്ങൾ പ്രവർത്തിക്കുമെന്ന് സിക്ക പ്രതിനിധിസംഘം പ്രതിജ്ഞ ചെയ്തു.

ഘോഷയാത്രകളില്ലാതെ ഗുരുനാനാക് ദിനം

ഗുരു നാനാക്ദേവിന്റെ 515—ാം ജന്മദിനം ആർഭാടങ്ങളൊന്നുമില്ലാതെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാഴാഴ്ച ആഘോഷിച്ചു. ഇന്ദിരാഗാന്ധിയുടെ നിര്യാണത്തെ തുടർന്ന് സിക്കമത നേതാക്കളുടെ അഭ്യർത്ഥന പ്രകാരം എവിടെയും ഘോഷയാത്ര നടത്തിയില്ല.

കലാപമുണ്ടായ സ്ഥലങ്ങളിലെ ഗുരുദ്വാരകളിൽ പ്രാർത്ഥനകളിൽ സംബന്ധിക്കാനെത്തിയവർ താരതമ്യേന കുറവായിരുന്നു. എങ്കിലും ധാരാളം പേർ ആഘോഷച്ചടങ്ങുകളിൽ സംബന്ധിച്ചു. സിക്കുകാരെ കൂടാതെ മററു മതസ്ഥരും ആഘോഷങ്ങളിൽ പങ്കുകൊണ്ടു.. മന്ത്രിമാരും മററും ഗുരുദ്വാരകൾ സന്ദർശിച്ചു.

ജലന്ധറിലെ ചില ഗുരുദ്വാരകളിൽ ഈയിടത്തെ അക്രമങ്ങളിൽകൊല്ലപ്പെട്ടവർക്ക വേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടന്നു.

കലാപത്തിൽ തകർക്കപ്പെട്ട ഗുരുദ്വാരകളിൽ താൽക്കാലിക പന്തലുകൾ ഉയർത്തിയാണ്, ചടങ്ങുകൾ നടത്തിയതു്.

ദൽഹിയിൽ ആഘോഷങ്ങൾക്കിടയിൽ കുഴപ്പങ്ങളുണ്ടാകാതിരിക്കാൻ രക്ഷാസൈനികർ കനത്ത ജാഗ്രത പുലർത്തി. ദൽഹിയിലെ ബംഗ്ലാസാഹിബ് ഗുരുദ്വാരയ്ക്കു ചുററും അഞ്ഞൂറോളം സൈനികർ കാവൽനിന്നു. രകബ് ഗഞ്ച് ഗുരുദ്വാരയിലും കനത്ത കാവലുണ്ടായിരുന്നു.

ബീഹാറിൽ ഒരു മരണം കൂടി

ബീഹാറിൽ വ്യാഴാഴ്ച ഒരു വ്യാപാരിയുടെ മൃതദേഹം കണ്ടെടുത്തു. ഇതോടെ സംസ്ഥാനത്ത് കലാപത്തിൽ മരിച്ചവരുടെ എണ്ണം 106 ആയി.

കർണ്ണാടക ക്രാന്തിരംഗ കോൺ-ഐയിലേക്ക്

ബംഗളൂർ: എസ്. ബങ്കാരപ്പയുടെ നേതൃത്വത്തിലുള്ള കർണ്ണാടക ക്രാന്തിരംഗ കോൺഗ്രസ്സ്—ഐ.യിൽ ലയിക്കാൻ തീരുമാനിച്ചു. നിയമസഭയിൽ ബങ്കാരപ്പ ഗ്രൂപ്പിന്ന് 6 അംഗങ്ങളാണ് ഉള്ളതു്.

ജനതാ പാർട്ടിയിൽ നിന്ന് ഈയിടെ രാജിവെച്ച മുൻ മന്ത്രിമാരായ അസീസ് സേട്ടുവും ചന്ദ്രപ്രഭാ അർസും കോൺഗ്രസ്സ്—ഐ.യിൽ ചേർന്നിട്ടുണ്ട്. ഇതോടെ 225 അംഗ നിയമസഭയിൽ കോൺഗ്രസ്സ്—ഐ.യുടെ അംഗസംഖ്യ 88 ആയി.

അവധി നൽകി. —സ്വ. ലേ.

ഇല. ബോർഡിൽ പണിമുടക്ക് നിരോധിക്കണം

തിരുവനന്തപുരം: ഇലക്ട്രിസിററി ബോർഡിൽ പണിമുടക്ക നിരോധിക്കാനും സമരത്തിന് തുനിയുന്ന ട്രേഡ് യൂനിയനുകളേയും യൂനിയൻ നേതാക്കളെയും ശിക്ഷിക്കാനും നിയമം ഭേദഗതി ചെയ്യാനും വ്യവസായം, വാണിജ്യം, വൈദ്യുതി എന്നീ മേഖലകളെ സംബന്ധിച്ചു പഠനം നടത്തിയ പ്ലാനിങ്ങ് ബോർഡിന്റെ ഉന്നതതല സമിതി നിർദ്ദേശിച്ചു.

നിർദ്ദേശം നടപ്പിലാക്കുമ്പോൾ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിശോധിക്കാനായി ഒരു സംവിധാനം ഏർപ്പെടുത്തണമെന്നും കമ്മിററിയുടെ നിർദ്ദേശത്തിൽ പറഞ്ഞു.

ഏഴാം പദ്ധതി തയ്യാറാക്കുന്നതിന്ന് സ്റ്റേററ് പ്ലാനിങ്ങ് ബോർഡിനെ സഹായിക്കാൻ 1982 ഒക്ടോബറിൽ കേരള ഗവർമ്മെണ്ട് നിയോഗിച്ച അഞ്ചു ഉന്നതതല കമ്മിററികളിൽ ഒന്നാണ് വ്യവസായം, വൈദ്യുതി, വാണിജ്യ മേഖലകൾ പരിശോധിച്ചത്.

1980—ലെ വന സംരക്ഷണ നിയമം അനുസരിച്ചു പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചു പഠനം നടത്തിയ ശേഷമേ വൈദ്യുതി ഉല്പാദന പദ്ധതികൾക്ക അനുമതി നൽകാവൂ എന്നും കമ്മിററി പറഞ്ഞു. ഇതിനായി വലിയ ഉദ്യോഗസ്ഥന്മാരുടെ ഒരു സ്ഥിരം കമ്മിററി ഏർപ്പെടുത്തുകയും വേണം.

വൈദ്യുതി ഉപഭോക്താക്കളിൽ നിന്നു സർവ്വീസ് കണക്ഷൻ നൽകുമ്പോഴും ലൈൻ എക്സ്ററൻഷൻ കൊടുക്കുമ്പോഴും ഒരു തുക ഈടാക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കാനും കമ്മിററി നിർദ്ദേശിച്ചിട്ടുണ്ട്.

വൈദ്യുതി മോഷണം നടത്തുന്നവരെ പൊലീസിനു് നേരിട്ടു തടവിലാക്കാൻ കേന്ദ്ര ഗവർമ്മെണ്ടിനോടു ശുപാർശ ചെയ്യാനും കേരള സർക്കാറിനോടു കമ്മിററി നിർദ്ദേശിച്ചിട്ടുണ്ട്.

വൈദ്യുതി ബോർഡിലെ പ്രധാന ഉദ്യോഗസ്ഥന്മാരുടെ നിയമനങ്ങൾക്ക 5 വർഷത്തെ കാലയളവ് എങ്കിലും അനുവദിക്കണമെന്നും കമ്മിററി പറഞ്ഞിട്ടുണ്ട്. ചെയർമാനേയും ചീഫ് എഞ്ചിനീയറേയും (പ്ലാനിംഗ്) നേരിട്ട് തെരഞ്ഞെടുക്കാവുന്നതാണ്. മററുള്ള ഉയർന്ന തസ്തികകളിലേക്ക് തൊഴിലിലെ പരിചയസമ്പന്നതയും മററും നോക്കണം.

സ്റ്റേററ് പ്ലാനിംഗ് ബോർഡ് അംഗമായ 'എം.എസ്'. റാമാണ് കമ്മിററിയുടെ ചെയർമാൻ. കെൽട്രോൺ ചെയർമാൻ കെ.പി.പി. നമ്പ്യാർ, എ. പത്മനാഭൻ, എസ്. പീർമുഹമ്മദ് (അലിൻഡ് മാനേജിംഗ് ഡയറക്ടർ) എസ്. പത്മകുമാർ (കെ.എസ്.ഐ.ഡി.സി. ചെയർമാൻ) 'ടെൽകി'ന്റെ മുൻ മാനേജിംഗ് ഡയറക്ടർ കെ. ജി. ശേഷൻ, കെ.എസ്.ഇ.ബി. മുൻ ചെയർമാൻ ത്രിവിക്രമൻനായർ, ആർ. പി. അയ്യർ, കെ. രാമഭദ്രൻനായർ (കെ.എസ്.ഇ.ബി. ചെയർമാൻ) എന്നിവരാണ് കമ്മിററിയിലെ മററ് അംഗങ്ങൾ.

കയർവ്യവസായ രംഗത്തെ വൃദ്ധരായ സ്ത്രീതൊഴിലാളികൾക്ക് പെൻഷൻ നൽകാൻ ഒരു പദ്ധതി ആവിഷ്കരിക്കണമെന്നും ചെറുപ്പക്കാരായ സ്ത്രീകൾക്ക് മററ് ജോലി ഏർപ്പെടുത്തിക്കൊടുക്കണമെന്നും കമ്മിററി ശുപാർശ ചെയ്തിട്ടുണ്ട്.

കേരളത്തിൽ നിന്നും കൈത്തറി വ്യവസായം തമിഴ്നാട്ടിലേക്ക് മാറിപ്പോകാതിരിക്കാൻ ഒരു പ്രാദേശിക കൂലി സമ്പ്രദായം വേണമെന്ന് കമ്മിററിക്ക് അഭിപ്രായമുണ്ട്.

ലഹളയിൽ കോൺ. പങ്ക് അന്വേഷിക്കണം

ന്യൂദൽഹി: ഇന്ദിരാഗാന്ധി വധിക്കപ്പെട്ടതിനെ തുടർന്നുണ്ടായ അക്രമങ്ങളിൽ കോൺഗ്രസ്സ് (ഐ)ക്കാർക്ക് ബന്ധമുണ്ടെന്ന ഓരോ പരാതിയെക്കുറിച്ചും വിശദമായി അന്വേഷിക്കണമെന്ന് പ്രധാനമന്ത്രി രാജീവ്ഗാന്ധി പാർട്ടി നേതാക്കളോട് ആവശ്യപ്പെട്ടു. പരാതി ശരിയെന്നു കണ്ടാൽ കുററക്കാർക്കെതിരെ കർശന നടപടി വേണമെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

പൂഞ്ചിൽ സ്ഫോടനം

ജമ്മു: അതിർത്തിനഗരമായ പൂഞ്ചിൽ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ സ്ഫോടനം ഞെട്ടലുണ്ടാക്കിയിരിക്കുന്നു. ബോംബ് പൊട്ടിത്തെറി ഉണ്ടായതായാണ് റിപ്പോർട്ട്. അസാമാന്യശബ്ദമുണ്ടാക്കുന്ന ഏതോ ഉപകരണമാണ് സ്ഫോടനത്തിനു പിന്നിൽ. പൊട്ടിത്തെറിയിൽ ആർക്കും പരിക്കേററിട്ടില്ല. തുറസ്സായ സ്ഥലത്താണ് പൊട്ടിത്തെറി നടന്നത്. വ്യാഴാഴ്ച രാവിലെയും പൊട്ടിത്തെറി ഉണ്ടായിരുന്നു.

മുന്നണിബന്ധങ്ങളിൽ മാററമുണ്ടാവില്ല

രാഷ്ട്രീയ ലേഖകൻ

തിരുവനന്തപുരം: മുന്നണി ബന്ധങ്ങളിൽ—ഭരണമുന്നണിയിലും ഇടതുപക്ഷ മുന്നണിയിലും—ലോകസഭാ തിരഞ്ഞെടുപ്പ് കഴിയുന്നതു വരെ യാതൊരു മാററത്തിന്റെയും സൂചനകളില്ല. കക്ഷികൾ അങ്ങോട്ടും ഇങ്ങോട്ടും മാറാൻ സാദ്ധ്യതകളൊന്നും കാണുന്നില്ല. പുതുതായി രൂപം കൊള്ളുന്ന മൂന്നാം മുന്നണിയെ ഇരുമുന്നണികളും ഗൗരവമായി കാണുന്നില്ല.

ഭരണമുന്നണിയിലാണ് ചില്ലറ അപശബ്ദങ്ങളൊക്കെ കേട്ടിരുന്നത്. ഇന്ദിരാഗാന്ധിയുടെ വധത്തിനു ശേഷം ആ അപസ്വരങ്ങളും അപശബ്ദങ്ങളും കെട്ടടങ്ങിയ മട്ടാണ്. യൂനിയൻ മുസ്ലിം ലീഗിന്റെ കാര്യവും അങ്ങിനെ തന്നെ. ലീഗ് നേതാക്കൾ ദൽഹിയിൽ പ്രതിപക്ഷ നേതാക്കളുമായി നടത്തിയ കൂടിയാലോചനകൾ ഉയർത്തിവിട്ട അഭ്യൂഹങ്ങളൊക്കെ ലീഗ് സ്റ്റേററ് സമ്മേളനത്തോടെ അസ്ഥാനത്തായി. ലീഗ് ഭരണമുന്നണിയിൽ തന്നെ എന്ന് ഉറപ്പായതോടെ ശങ്കിച്ചുനിന്ന മററു ചില കക്ഷികളും നിലപാട് ഉറപ്പിച്ചിട്ടുണ്ട്. കേരള കോൺഗ്രസ്സിന്റെ രണ്ട് വിഭാഗങ്ങൾ തമ്മിലുണ്ടായിരുന്ന പോർവിളികൾക്കും തൽക്കാലം ഒരറുതി വന്നു. എൻ.ഡി.പി.യിലെ രണ്ട് വിഭാഗങ്ങളും എസ്.ആർ.പി.യിലെ രണ്ട് വിഭാഗങ്ങളും അവർ തമ്മിലുള്ള പ്രസ്താവനാ മത്സരത്തിലൂടെ ഭരണമുന്നണിയുടെ ഉറപ്പിന് അല്പം കോട്ടം വരുത്തിയിട്ടുണ്ടെങ്കിലും ഇപ്പോൾ അതും ആറി തണുത്തു. സി.ജി. ജനാർദ്ദനന്റെ എസ്.ആർ.പി.യും പി. ഭാസ്കരന്റെ ജനത ജി.യും ജോസ് കുററ്യാനിയുടെ കോൺഗ്രസ്സും മുൻകൈ എടുത്താണ് പുതിയ മൂന്നാം മുന്നണിക്ക് രൂപം നൽകുന്നതു്.

നിയമസഭാംഗങ്ങളെന്ന നിലയിൽ ഈ മൂന്നു പേരുടെയും നിലപാട് ഭരണകക്ഷിക്ക് അനുകൂലമായിരുന്നില്ല. ഇവർ മൂന്നും പുതിയ മുന്നണിയായി പ്രതിപക്ഷ മുന്നണിയുടെ കൂടെ വോട്ട് ചെയ്താലും ഭരണമുന്നണിയുടെ ഭൂരിപക്ഷം നിലനിർത്താനാവും.

ലോകസഭാ സീററ് വിഭജനക്കാര്യത്തിൽ ഭരണമുന്നണിയിൽ പിളർപ്പുണ്ടാകരുതെന്നും പരസ്യമായ വാഗ്വാദങ്ങളിലൂടെ ഭരണ മുന്നണിയുടെ പ്രതിച്ഛായക്ക് മങ്ങൽ ഏല്പിക്കരുതെന്നും ഘടക കക്ഷികൾക്ക് പൊതുവിൽ അഭിപ്രായമുണ്ട്. ഇന്ദിരാഗാന്ധിയുടെ മരണത്തിലുള്ള ദുഃഖാചരണം കഴിഞ്ഞാൽ താമസിയാതെ സീററു വിഭജന ചർച്ച ആരംഭിക്കും.

ഇടതുപക്ഷ മുന്നണി രണ്ട് റൗണ്ട് ചർച്ച നടത്തിക്കഴിഞ്ഞു. നവംബർ 15—ന് ഇനി അവരുടെ ചർച്ച തുടരും. ലോകസഭാ തെരഞ്ഞെടുപ്പിനോടൊപ്പം കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പും നടത്തണമെന്ന ചിന്ത ഭരണ കക്ഷികളിലെ ചിലതിന്റെ യുവജനവിഭാഗത്തിനുണ്ട്. എന്നാൽഈ അഭിപ്രായം ഉള്ളവർ ന്യൂനപക്ഷമേ വരൂ. മറിച്ച് ചിന്തിക്കുന്നവർക്കാണ് മുൻതൂക്കം. അതേ സമയം, ഇതു സംബന്ധിച്ച് ചില വാദപ്രതിവാദങ്ങൾ ഉയർന്നു വരുന്നെങ്കിൽഅത്ഭുതപ്പെടാനുമില്ല.

ലോകകോടതിയിൽ ചീനക്ക് സ്ഥാനം

യുണൈററഡ് നേഷൻസ്: ലോക കോടതിയിൽ ചീനക്ക് ഒരു സീററ് കിട്ടി. ബൈജിങ്ങിന് യു.എൻ. അംഗത്വം ലഭിച്ച ശേഷം ആദ്യമായാണ് ലോക കോടതിയിൽ സ്ഥാനം ലഭിക്കുന്നതു്. 13 വർഷം മുമ്പാണ് ചീന യു.എൻ. അംഗമായതു്.

ഫിബ്രവരി 5 ന് ഒഴിവുവരുന്ന 5 സീററുകളിൽ ഒന്നിലേക്ക ചീനക്കാരനായ നീ സെൻഗ്യുവിനെ ജനറൽ അസംബ്ലിയും, സെക്യൂരിററി കൗൺസിലും ബുധനാഴ്ചയാണ് തിരഞ്ഞെടുത്തതു്.

എം. ജി. ആറിനെ ഹെഗ്ഡെ കണ്ടു

ബംഗളൂർ: കർണ്ണാടക മുഖ്യമന്ത്രി രാമകൃഷ്ണ ഹെഗ്ഡെ ന്യൂയോർക്കിലെ ബ്രൂക്ക്ലിൻ ഡൗൺ സ്റ്റേററ് മെഡിക്കൽ സെൻററിൽ ചികിത്സയിൽ കഴിയുന്ന തമിഴ്നാട് മുഖ്യമന്ത്രി എം. ജി. രാമചന്ദ്രനെ ബുധനാഴ്ച സന്ദർശിച്ചു.

ഒന്നര മണിക്കൂറോളം ഹെഗ്ഡെ എം.ജി ആറിനോടൊന്നിച്ചുണ്ടായിരുന്നു. എം.ജി. ആറിന്റെ ആരോഗ്യനിലയെ കുറിച്ച് അദ്ദേഹം ഡോക്ടർമാരോട് ആരാഞ്ഞു.

തൊണ്ടയിലെ അസുഖത്തിന്ന് ലേസർ രശ്മി ഉപയോഗിച്ചുള്ള ചികിത്സക്ക് അമേരിക്കയിലേക്ക പോയിരുന്ന ഹെഗ്ഡെ എം. ജി. ആറിനെ കാണുന്നതിന്നായി തന്റെ മടക്കയാത്ര ഒരു ദിവസം മാററി വെക്കുകയായിരുന്നു.

ഭോസ്ലേക്ക് ജാമ്യം

ബോംബെ: രാജ്ഭവൻ കള്ളക്കടത്തു കേസ്സിലെ പ്രധാന പ്രതി കേശവ് ഭോസ്ലേക്ക് ഒരു ലക്ഷം രൂപയുടേയും ഒരാളുടേയും ഉറപ്പിന്മേൽ ചില നിബന്ധനകൾക്ക് വിധേയമായി സെഷൻസ് കോടതി ബുധനാഴ്ച ജാമ്യം അനുവദിച്ചു.

ഒക്ടോബർ 22—ന് രാജ്ഭവൻ പരിസരത്തുനിന്നാണ് 73 ലക്ഷം ക.യുടെ കള്ളക്കടത്തു സാമഗ്രികളുമായി കോൺഗ്രസ്സ്—ഐ നേതാവായ ഭോസ്ലെ കസ്റ്റംസ് വലയിലകപ്പെട്ടതു്.

സിമൻറ് ലോറി കസ്റ്റഡിയിൽ

തിരൂർ: ഉടമസ്ഥനില്ലാത്ത നിലയിൽ കണ്ടെത്തിയ ഒരു ലോറി സിമൻറും ലോറിയും തിരൂർ എസ്.ഐ. രാജു കസ്റ്റഡിയിലെടുത്തു. തിരൂർ മുനിസിപ്പൽ മാർക്കററ് റോഡിൽ നിന്നാണ് ലോറി കസ്റ്റഡിയിലെടുത്തതു് ലോറിയിലെ സിമൻറിനെക്കുറിച്ച് പരസ്പരവിരുദ്ധമായ വിവരങ്ങളാണ് കേൾക്കുന്നതു്. പൊലീസ് നടത്തിയ അന്വേഷണത്തിൽ ശരിയായ വിവരങ്ങൾ ഇതുവരെ കിട്ടിയിട്ടില്ല. ലോറിയും സിമൻറും ഉപേക്ഷിച്ചു പോയ ഡ്രൈവറേയും ക്ലീനറേയും പററി ആർക്കും വിവരമില്ല. കേട് പററിയ നിലയിൽ ഈ ലോറി മാർക്കററ് റോഡിൽ നിൽക്കാൻ തുടങ്ങിയിട്ട് മൂന്നു നാലു് ദിവസമായത്രെ.

തലക്കടത്തുള്ള ഒരു പള്ളിയുടെ നിർമ്മാണത്തിനു വേണ്ടി തമിഴ്നാട്ടിൽ നിന്ന് പെർമിററ് പ്രകാരം കൊണ്ടുവന്ന സിമൻറായിരുന്നുവത്രെ ഇതു്. എന്നാൽ ഇവിടെ എത്തിയപ്പോൾ അതു് വ്യാജ സിമൻറ് ആയത്രെ. ഇതു കാരണം സിമൻറിന്റെ അവകാശികൾ സിമൻറ് ഇറക്കിയെടുക്കാൻ മടിച്ചു. ഈ വ്യാജ സിമൻറ് പിന്നീട് വിററഴിക്കാൻ ഇവിടെ നടത്തിയ ശ്രമം ഫലിക്കാതെ വന്നപ്പോഴാണ് സിമൻറും ലോറിയും ഉപേക്ഷിച്ച് ഡ്രൈവറും ക്ലീനറും സ്ഥലം വിട്ടതെന്ന് പറയപ്പെടുന്നു. റിപ്പയർ ചെയ്ത ശേഷമാണ് പൊലീസ് അതു് സ്റ്റേഷനിലേക്കു ഓടിച്ച് കൊണ്ടുപോയതു്.

ദുരിതാശ്വാസം: പ്രധാനമന്ത്രി ഒരു കോടി ക. അനുവദിച്ചു

ന്യൂദൽഹി: മുൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ വധത്തെ തുടർന്നു രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ കലാപത്തിൽ നാശനഷ്ടമുണ്ടായവർക്കു സഹായം നൽകുന്നതിന്നു പ്രധാനമന്ത്രി രാജീവ്ഗാന്ധി തന്റെ ദുരിതാശ്വാസ ഫണ്ടിൽനിന്നു വ്യാഴാഴ്ച ഒരു കോടി ക. അനുവദിച്ചു.

ഇതിൽ ദൽഹി കേന്ദ്ര ഭരണപ്രദേശത്തിനു 40 ലക്ഷം ക. ലഭിക്കും. ഉത്തർപ്രദേശിനു 20 ലക്ഷം, ഹരിയാനക്കും ബീഹാറിനും 15 ലക്ഷം വീതം, മദ്ധ്യപ്രദേശിനു 10 ലക്ഷം എന്നിങ്ങനെയാണ് വിഹിതം.

ദൽഹിയിലെ അഭയാർത്ഥി ക്യാമ്പുകളിൽ കഴിയുന്ന കുട്ടികൾക്ക പതിനായിരം ക. വിലക്കുള്ള പുസ്തകങ്ങൾ വിതരണം ചെയ്യാൻ ശിശുക്ഷേമത്തിനായുള്ള ഇന്ത്യൻ സമിതി (ഐ സി സി ഡബ്ല്യു) തീരുമാനിച്ചു.

വിപ്ലവകാരികളെ നേരിടാൻ ത്രിപുരയിലേക്ക് പട്ടാളം

അഗർത്തല: വിപ്ലവകാരികളെ നേരിടാൻ ആസ്സാം റൈഫിൾസിന്റെ രണ്ട് ബററാലിയൻ ത്രിപുരയിൽ ഉടൻ എത്തിച്ചേരുമെന്ന് കേന്ദ്ര ആഭ്യന്തര വകുപ്പ് കാര്യാലയം ത്രിപുര മുഖ്യമന്ത്രി നൃപൻ ചക്രവർത്തിയെ അറിയിച്ചു.

സ്റ്റേററിലെ പൊലീസ് ഇൻസ്പെക്ടർ ജനറലിന്റെ മേൽനോട്ടത്തിലായിരിക്കും ഈ സേനാ വിഭാഗം പ്രവർത്തിക്കുക എന്ന് ത്രിപുര മുഖ്യമന്ത്രി പത്രലേഖകരെ അറിയിച്ചു.

ഇന്ദിരയുടെ ചിതാഭസ്മം ലക്ഷദ്വീപിൽ

കൊച്ചി: ലക്ഷദ്വീപിൽ ദർശനത്തിനു കൊണ്ടുപോയിരുന്ന ഇന്ദിരാഗാന്ധിയുടെ ചിതാഭസ്മകലശം വെള്ളിയാഴ്ച വ്യോമസേനാ ഹെലികോപ്ടറിൽ കൊച്ചിയിൽ കൊണ്ടുവരും.

ശനിയാഴ്ച രാവിലെ വരെ കലശം വെല്ലിങ്ഡൺഐലണ്ടിലെ ലക്ഷദ്വീപ് ഓഫീസിൽ പൊതുദർശനത്തിനു വെക്കും. പിന്നീട് ബംഗളൂർക്ക് കൊണ്ടുപോകുന്നതാണ്.

അഡ്മിനിസ്ട്രേറ്റർ രമേശ് സെയ്ഗൾ, പി. എം. സയ്യിദ് എം.പി.യും ചേർന്നാണ് ലക്ഷദ്വീപിൽ നിന്നു ചിതാഭസ്മ കലശം കൊണ്ടുവരുക.

മുന്നു പ്രധാന തമിഴ് ഗറില്ലകൾ പിടിയിൽ

കൊളംബോ: മൂന്ന് പ്രധാന തമിഴ് വിഘടന തീവ്രവാദികളെ അസ്വസ്ഥപ്രദേശമായ വടക്കൻ ജാഫ്ന മേഖലയിൽനിന്നു ശ്രീലങ്കാസൈന്യം പിടികൂടിയെന്ന് ഔദ്യോഗികവൃത്തങ്ങൾ ബുധനാഴ്ച, അറിയിച്ചു.

കോക്കവിൽ എന്ന സ്ഥലത്തെ ഒളിസങ്കേതത്തിൽ നിന്നാണ് ഇവരെ പിടിച്ചതെന്നും, അവിടെ നിന്നും ചില വെടിക്കോപ്പുകളും മററും കിട്ടിയെന്നും ഈ വൃത്തങ്ങൾ അറിയിച്ചു.

മുല്ലൈത്തീവിലെ കാടുകളിൽ തെരച്ചിൽ നടത്തുകയായിരുന്ന ലങ്കാ സൈനികർ ഈയാഴ്ച എട്ടു വിഘടന വാദികളെ വെടിവെച്ചുകൊന്നുവെന്നും അധികൃതർ അറിയിച്ചു.

ബോംബെറിഞ്ഞു

ഇതിനിടെ, ജാഫ്നയിൽ ബുധനാഴ്ച, സൈനികസംഘത്തിനു നേരെ തമിഴ് ഗറില്ലകൾ ബോംബെറിഞ്ഞുവെന്നും, അപ്പോൾ സൈന്യം തിരിച്ചു വെടിവെച്ചുവെന്നും പൊലീസ് അറിയിച്ചു.

രാഷ്ട്രീയ പഠന കേന്ദ്രം സ്ഥാപിച്ചു

തിരുവനന്തപുരം: ആഗോളാടിസ്ഥാനത്തിൽ രാഷ്ട്രീയ സംഭവ വികാസങ്ങളെ വിലയിരുത്താനും പഠിക്കാനുമുള്ള ഒരു കേന്ദ്രം ഇന്ദിരാഗാന്ധിയുടെ സ്മരണക്കായി കോഴിക്കോട് ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

ഇന്ദിരാ സെൻറർ ഫോർ പൊളിററിക്കൽ സ്റ്റഡീസ് എന്ന പേരിലുള്ള ഈ കേന്ദ്രത്തിന്റെ മുഖ്യരക്ഷാധികാരി മുഖ്യമന്ത്രി കെ. കരുണാകരനാണ്. മാതൃഭൂമി പത്രാധിപർ എം. ഡി. നാലപ്പാട്, ആഭ്യന്തരമന്ത്രി വയലാർ രവി, ഡോ. പി.കെ. ഗോപാലകൃഷ്ണൻ എന്നിവർരക്ഷാധികാരികളായിരിക്കും.

ഇന്ദിരാ സെൻറർ ഫോർ പൊളിററിക്കൽ സ്റ്റഡീസിന്റെ ഉദ്ഘാടനം ഇന്ദിരാഗാന്ധിയുടെ ജന്മദിനമായ നവംബർ പത്തൊമ്പതിന്ന് തിങ്കളാഴ്ച, കോഴിക്കോട് ടാഗോർ സെൻറിനറി ഹാളിൽ മുഖ്യമന്ത്രി കെ. കരുണാകരൻ നിർവ്വഹിക്കും. ഇന്ദിരാഗാന്ധി ലോക ചരിത്രത്തിൽ എന്ന വിഷയത്തെപ്പററി നടക്കുന്നസെമിനാറോടെ ആണ് ഉദ്ഘാടനം നടക്കുക. സാമൂഹ്യ—സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖന്മാർ ഈ സെമിനാറിൽ പങ്കെടുക്കുന്നതാണെന്ന് ഇന്ദിരാ സെൻറർ ഫോർ പൊളിററിക്കൽ സ്റ്റഡീസിന്റെ സംസ്ഥാന പ്രസിഡണ്ട് പി. വി. ഗംഗാധരൻ വ്യാഴാഴ്ച ഒരു പത്രസമ്മേളനത്തിൽ പറഞ്ഞു. സെമിനാറോടനുബന്ധിച്ച നവംബർ 18—ാംനു കോഴിക്കോട് ടൗൺഹാളിൽവെച്ച് അഖിലകേരള ഇൻറർകൊളീജിയററ് പ്രസംഗമത്സരം നടക്കും. ലോക സമാധാനത്തിനും ചേരിചേരാ പ്രസ്ഥാനത്തിനും ജനാധിപത്യ—മതേതരത്വ വ്യവസ്ഥിതിക്കും വേണ്ടി ഇന്ദിരാഗാന്ധി മുന്നിൽ കണ്ട ലക്ഷ്യങ്ങൾക്ക് അനുസാരമായി ഒരു ശക്തമായ തലമുറയെ വാർത്തെടുക്കുക, വിദേശ എംബസികളുടെ സഹായത്തോടെ കേരളത്തിൽ വിപുലമായ ഒരു പൊളിററിക്കൽ ലൈബ്രറി സ്ഥാപിക്കുക, ലോക രാഷ്ട്രീയത്തെ സംബന്ധിച്ച ഗ്രന്ഥങ്ങൾ പുറത്തിറക്കുക, ചർച്ചകൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് ഇന്ദിരാ സെൻറർ ഫോർ പൊളിററിക്കൽ സ്റ്റഡീസിന്റെ പ്രധാന ലക്ഷ്യങ്ങളെന്ന് ഗംഗാധരൻ അറിയിച്ചു.

ഈ കേന്ദ്രത്തിന്റെ ശാഖകൾ മററ് സ്ഥലങ്ങളിൽ ആരംഭിക്കുന്ന കാര്യം പിന്നീട് ആലോചിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

മുന്നാർ സംഭവത്തിൽ രാജീവ്ഗാന്ധി ഖേദം പ്രകടിപ്പിച്ചു

ന്യൂദൽഹി: മൂന്നാറിലുണ്ടായ പാലം അപകടത്തിൽ പ്രധാനമന്ത്രി രാജീവ് ഗാന്ധി ഖേദം പ്രകടിപ്പിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് തന്റെ അനുശോചനം അറിയിക്കാൻ അദ്ദേഹം മുഖ്യമന്ത്രി കരുണാകരനയച്ച സന്ദേശത്തിൽ പറഞ്ഞു.

വെളിച്ചെണ്ണ വില കൂടി

കോഴിക്കോട്: വെളിച്ചെണ്ണക്കും കൊപ്പരക്കും കുരുമുളകിന്നും വില കേറുകയും പഞ്ചസാരക്ക് അല്പം കുറയുകയും ചെയ്തു.

വെളിച്ചെണ്ണ ക്വിൻറലിന്ന് 50ക.യും കൊപ്പരക്ക് 25ക.യും ആണ് കൂടിയതു്. കഴിഞ്ഞ മൂന്നു ദിവസത്തിന്നകം വെളിച്ചെണ്ണക്കും കൊപ്പരക്കും 100ക.യോളം കേറിയിട്ടുണ്ട്. കുരുമുളക് നാടനും ചേട്ടനും 25ക. വീതം കൂടിപ്പോൾ റബ്ബറിന്ന് 5ക. താണിരിക്കുകയാണ്.

പഞ്ചസാരക്ക് ക്വിൻറലിന്ന് 3ക. കൂടി കുറഞ്ഞു. 495—497ക.യിലെത്തി. അരിക്ക് ഒരുവിധം നല്ല ഡിമാണ്ടുണ്ട്. അതുകാരണം നല്ല അരിക്ക് 5ക.യോളം വർദ്ധിച്ചു.

അങ്ങാടി നിലവാരം

കോഴിക്കോട്

	നവംബർ 8	
വെളിച്ചെണ്ണ ക്വിൻടൽ	3425	00
പിണ്ണാക്ക്	370	00
കൊപ്പര എടുത്തപടി	2350	00
,, ദിൽപാസ്	2375	00
,, റാസ്	2325	00
,, രാജ്പൂർ	3100	00
,, ഉണ്ട	2900	00
ചുക്ക്	2500—2600	
കുരുമുളക് നാടൻ	2700	00
,, ചേട്ടൻ	2715	00
,, വയനാടൻ	2800	00
മഞ്ഞൾ	1500	00
ഏലം. പച്ച	125—200	
കൊട്ടടക്ക	950—1000	
,, ഗാർബിൾഡ്	1350	00
ഷീററ് റബ്ബർ ലോട്ട് (100 കിലോ)	1435	00
കൊയിലാണ്ടി ചൂടി ക്വിൻടൽ		
,, ഒന്നാം നമ്പർ	600	00
,, രണ്ടാം നമ്പർ	590	00
ബേപ്പൂർചൂടി 1—ാംനമ്പർ	580	00
2—ാം നമ്പർ	570	00
നാളികേരം.പൊളിപ്പടി	2350—2400	
ബേപ്പൂർ	2115	00
നാളികേരം റാസ്	2100—2150	
മാങ്കാവ്	2400—2500	
കൊട്ടത്തേങ്ങ	3000—3400	
പുൽത്തൈലം.10കിലോ	1200	00
അരി നാടൻ	310—340	
,, ആന്ധ്ര	270—310	
പഞ്ചസാര	495—497	
സ്വർണ്ണം (22 കാരററ്) 8 ഗ്രാം	1544	00
തങ്കം 24കാരററ് (10ഗ്രാം)	2060	00
വെള്ളി കിലോ	3650	00

പാലക്കാട്

	നവംബർ 8	
വെളിച്ചെണ്ണ (ടിൻ)	544	00
കടലെണ്ണ ,,	246	00
നല്ലെണ്ണ ,,	277	00
കൊട്ടെണ്ണ ,,	220	00
പുളി (10 കി.ഗ്രാം)	50—60	
പുളി (കുരു ഇല്ലാത്തത്)	90—110	
നല്ലതരം	90	00
മുതിര (100 കി.ഗ്രാം)	255	00
മുളക് (20 കി.ഗ്രാം)	375	00
കൊത്തമ്പാല	260	00
പരിപ്പ് (100 കി.ഗ്രാം)	620	00
കടലപ്പരിപ്പ്	690	00
പരുത്തിക്കൊട്ട (60 കി.ഗ്രാം)	215	00
പഞ്ചസാര	490	00
കടലപ്പിണ്ണാക്ക്	182	00
ഉഴുന്നുപരിപ്പ് (100 കി.ഗ്രാം)	650	00
വെല്ലം (63 കി.ഗ്രാം)	100—200	
പുകയില (236 കി.ഗ്രാം)		
ഒന്നാം തരം	3800	00
രണ്ടാം തരം	3750	00
മൂന്നാം തരം	3250	00
അരി മസൂരി	245	00
,, സി. ഒ.	265	00
,, ജയ	250	00
,, ത്രിവേണി	245	00
,, മട്ട	305	00
നെല്ല്—മസൂരി	800—850	
,, സി. ഒ.	850—900	
,, ജയ	800—850	
റബ്ബർ	1440	00
സ്വർണ്ണം 8 ഗ്രാം	1520	00
വെള്ളി (10 ഗ്രാം)	36	00

കൊച്ചി

	നവംബർ 8	
വെളിച്ചെണ്ണ (ക്വിൻറൽ)	3425	00
പിണ്ണാക്ക് (ക്വിൻറൽ)	360	00
കൊപ്ര (ക്വിൻറൽ)	2360	00
കുരുമുളക് (ക്വിൻറൽ)		
അൺഗാർബ്ൾഡ്	2750	00
ഗാർബിൾഡ്	2775	00
ഡിസംബർഅവധി	2335	50
ജനവരി അവധി	ഇല്ല	
പുൽത്തൈലം 10 കിലോ	ഇല്ല	
ചുക്ക്ബ്ലീച്ച്ഡ് (ക്വി)		
പഴയത്	2600	00
പുതിയത്	2700	00
അൺബ്ലീച്ച്ഡ്പഴയത്	2800	00
പുതിയത്	2900	00
ഏലക്ക ഒന്നാംതരംകിലോ	250	00
കയർ നേരിയതു് (ക്വി)	1700	00
,, വണ്ണൻ	1550	00
,, മങ്ങാടൻ	1890	00
റബ്ബർ ആർ.എം.ലോട്ട്	1400—1450	
അടക്ക (ക്വിൻറൽ)	1500—1600	
മഞ്ഞൾ	1800	00

ആലപ്പുഴ

	നവംബർ 8
വെളിച്ചെണ്ണ ക്വിൻ	ഇല്ല
പിണ്ണാക്ക്	ഇല്ല

വളപട്ടണം

	നവംബർ 8	
കുരുമുളക് ചേട്ടൻ	2750	00
വടക്കൻ	2800	00
ചുക്ക്	3100	00
റബ്ബർ	1505	00
കപ്പ	90	00
കൊട്ടടക്ക	1700	00
അടക്ക പഴയത്	1900	00
പുൽത്തൈലം	ഇല്ല	
മഞ്ഞൾ	1750	00
കശുവണ്ടി	ഇല്ല	

പെരുമ്പടപ്പ് പുത്തൻപള്ളി ജാറം
ആണ്ട് നേർച്ച
1984 നവമ്പർ 18 ഞായറാഴ്ച

വിഷനിവാരണം, ആഗ്രഹ സഫലീകരണം, രോഗങ്ങളിൽ അത്ഭുത ഫലസിദ്ധി എന്നിവകളാൽ പ്രശസ്തമായ പെരുമ്പടപ്പ് പുത്തൻപള്ളി ജാറത്തിൽ മറപ്പെട്ടിരിക്കുന്ന ബഹുമാനപ്പെട്ട ശൈഖ് കുഞ്ഞഹമ്മദ് മുസ്‌ല്യാർ അവർകളുടെ ഈ കൊല്ലത്തെ ആണ്ട് നേർച്ച 1984 നവമ്പർ 18-ന് ഞായറാഴ്ച (1405 സഫർ 24-ന്) അതിവിപുലമായി നടത്തപ്പെടുന്നതാണ്.

സംഭാവനകളും നേർച്ചകളും ജാറത്തിൽ നേരിട്ടേൽപ്പിക്കാൻ അഭ്യർത്ഥിക്കുന്നു. സഹായ സഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

സെക്രട്ടറി
പുത്തൻപള്ളി ജാറം മദ്രസ & ഹോസ്പിററൽ കമ്മിററി
P.O. പെരുമ്പടപ്പ്, മലപ്പുറം ജില്ല
Pin: 679580. ഫോൺ: 53 & 80 (മാറഞ്ചേരി)